PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Monday, *the 2nd April 1951*

VOL. III] **OFFICIAL REPORT** **[No. 19**

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock, on Monday, the 2nd April 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the serial numbers in the list of admitted questions for the day)

Oral Answers

CABINET

***1190. [1] Sri. D. Gnanasigamoni:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether any direction has been received from the Centre to expand the Cabinet with a view to include a Cochinite: and

(*b*) whether it is true that Cochin M. L. As. have threatened to resign in the event of one of them not being taken into the Cabinet ?

Chief Minister **(Sri. C. Kesavan):**

(*a*) and (*b*) No.

Sri. D. Gnanasigamoni: So are we to understand that no outside influence was brought on the leader in regard to the composition of the Cabinet ?

Sri. C. Kesavan: No outside influence.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ക്യാബിനററ് വികസിപ്പിക്കുകയോ ചുരുക്കുകയോ ചെയ്യണമെന്നു പറയുവാൻ ഇൻഡ്യാ ഗവർമ്മെണ്ടിനു് അധികാരമുണ്ടോ ?

Sri. C. Kesavan: They have absolutely no right.

ശ്രീ. എം. ഐ. പോൾ: കൊച്ചിയിലെ എം. എൽ. എ.മാർ രാജിവച്ചതു് ഗവർമ്മെണ്ടിനോടുള്ള പ്രതിഷേധംകൊണ്ടു് ഒരു ഭീഷണിയായിട്ടുകൂടിയല്ലേ ?

Sri. C. Kesavan: That is a question which I cannot answer.

ശ്രീ. ഇട്ടീര അയ്യൂക്കൻ: കൊച്ചി എം. എൽ. എ.മാർ ആരെങ്കിലും രാജിവച്ചിട്ടുണ്ടോ ?

ശ്രീ. സി. കേശവൻ: ആരും രാജിവച്ചിട്ടില്ല.

Sri. K. P. Nilakanta Pillai: May I know whether this matter of the formation of the Cabinet was the subject of talks when Mr. V. P. Menon and Mr. Gautam came here ?

Sri. C. Kesavan: Mr. Gautam was here to discuss matters connected with the working of the Parliamentary Party.

Sri. K. P. Nilakanta Pillai: Had Mr. V. P. Menon nothing to do with it?

Sri. C. Kesavan: Nothing to do with it officially.

Sri. K. P. Nilakanta Pillai: Then why did he come here?

Sri. C. Kesavan: He might have had many matters to discuss with this Government.

ഡിലിമിറേഷൻ കമ്മിററി

*൧൧൯൧. (ഫ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഡിലിമിറേഷൻ കമ്മിററിയുടെ പ്രവർത്തനം സംബന്ധിച്ച് ഗവൺമെണ്ടിന് എന്തു ചെലവുവന്നിട്ടുണ്ട്;

(ബി) ഡിലിമിറേഷൻ കമ്മിററിയുടെ റിപ്പോർട്ട് പാർലമെൻററി കമ്മിററി പരിശോധിച്ചതു സംബന്ധിച്ച് ഗവൺമെൻറിലേക്ക വല്ല ചെലവും ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു;

(സി) ഡിലിമിറേഷൻ കമ്മിററി റിപ്പോർട്ടിൽ ഇവിടത്തെ ക്യാബിനററ് വല്ല വ്യത്യാസവും വരുത്തിയോ; വരുത്തിയെങ്കിൽ പൊതുജനപ്രതിനിധികളോടു ആലോചിച്ചാണോ;

(ഡി) ഡിലിമിറേഷൻ കമ്മിററിക്ക ഗവൺമെൻറിൽനിന്നു വല്ല നിർദ്ദേശവും കൊടുത്തിരുന്നോ?

ഈ ചോദ്യത്തിൻെറ എ–ബി ഭാഗങ്ങൾക്ക് മുമ്പ് ഉത്തരം പറഞ്ഞിട്ടുണ്ട്. സി–ഡി ഭാഗങ്ങൾക്ക് ഉത്തരം കിട്ടിയാൽമതി.

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(സി) അത്യാവശ്യമെന്നുതോന്നിയ ചില വ്യത്യാസങ്ങൾ വരുത്തി. അസംബ്ളിയിൽ ഇതിനെപ്പററി വാദപ്രതിവാദങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) ഇലക്ഷൻ കമ്മീഷൻ അയച്ചുതന്ന നിർദ്ദേശങ്ങൾ കമ്മിററിക്ക കൊടുത്തിട്ടുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: പാർലമെൻററി കമ്മിററിയുടെ റിപ്പോർട്ട് ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതു ഇലക്ഷൻ കമ്മിററിയാണ് പരിശോധിക്കുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഗവൺമെൻറിൻെറ അഭിപ്രായം അറിയാതെയാണോ ഇലക്ഷൻ കമ്മീഷൻ ഡിലിമിറേഷൻ അവസാനമായി തീരുമാനിച്ചതു്?

ശ്രീ. എ. ജെ. ജോൺ: ഡിലിമിറേഷൻ സംബന്ധിച്ച് ഇലക്ഷൻ കമ്മീഷന് പൂർണ്ണമായ അധികാരമുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇലക്ഷൻ കമ്മീഷൻെറ അംഗങ്ങൾ ആരെല്ലാമാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: തിരു–കൊച്ചിയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള പാർലമെൻറ് മെമ്പറന്മാരിൽ ചിലർ.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ അസംബ്ളിയിലെ പ്രതിപക്ഷത്തിൻെറ അഭിപ്രായംകൂടി ഇലക്ഷൻ കമ്മീഷന് അയച്ചുകൊടുത്തിട്ടുള്ള നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഈ അസംബ്ളി അവസാനമായി അംഗീകരിച്ച നിർദ്ദേശങ്ങൾ അയച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: ആ നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതു ഡിലിമിറേഷൻ നടത്തുന്നതിനെ സംബന്ധിച്ച നിർദ്ദേശങ്ങളാണ്.

ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: ഇവിടെനിന്നും ഇലക്ഷൻ കമ്മീഷന അയച്ചുകൊടുത്തിട്ടുള്ളതു ഏതെല്ലാം നിർദ്ദേശങ്ങളാണ്?

ശ്രീ. എ. ജെ. ജോൺ: ഡിലിമിറേഷൻ കമ്മിററിയുടെ റിപ്പോർട്ടും പാർലിമെൻററി കമ്മിററിയുടെ റിപ്പോർട്ടും ഈ അസംബ്ളി അംഗീകരിച്ച നിർദ്ദേശങ്ങളുമെല്ലാം എലക്ഷൻ കമ്മീഷന അയച്ചുകൊടുത്തിട്ടുണ്ട്.

ഡിലിമിറേഷൻ കമ്മിററി റിപ്പോർട്ട്

*൧൧൯. (൩) ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഡിലിമിറേഷൻ കമ്മിററിയുടെ റിപ്പോർട്ട് തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറ് അംഗീകരിച്ചോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ഇല്ല.

ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: ഈ റിപ്പോർട്ട് ഗവമ്മെൻറിൻെറ പര്യാലോചനക്ക് വിധേയമായിട്ട് എത്ര കാലമായി എന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: ഡിലിമിറേഷൻ കമ്മിററിയുടെ റിപ്പോർട്ട് പരിശോധിച്ച് അവസാനമായി തീരുമാനം ചെയ്യാനുള്ള അധികാരം ഈ ഗവമ്മെൻറിനില്ല. അതു ഇലക്ഷൻ കമ്മീഷൻ ചെയ്യേണ്ട കാര്യമാണ്. അതുകൊണ്ട് റിപ്പോർട്ട് ഇലക്ഷൻ കമ്മീഷന അയച്ചുകൊടുത്തിരിക്കയാണ്.

ശ്രീ. എ. താണുപിള്ള: ഡിലിമിറേഷനെ സംബന്ധിച്ച അവസാന തീരുമാനമുണ്ടാകുന്നതിന് എത്രകാലം വേണ്ടിവരുമെന്ന ഗവമ്മെൻറിന വല്ല അറിവുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇതുവരെ യാതൊരു അറിവുമില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഡിലിമിറേഷൻ കമ്മിററിയുടെ റിപ്പോർട്ടിനെ അതേപടി അനുകൂലിച്ചുകൊണ്ടാണൊ ഗവമ്മെൻറ് റിപ്പോർട്ടയച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജോൺ: അല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഡിലിമിറേഷനെ സംബന്ധിച്ച് പൊതുജനങ്ങൾക്ക ധാരാളം പരാതികളുണ്ടെന്നു അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

സെയിൽസ് ടാക്സ്

*൧൧൩. (൪) ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൧൨൭-ൽ തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറിന് സെയിൽസ് ടാക്സ് മൂലം എത്ര രൂപാ കിട്ടി;

(ബി) മദ്യനിരോധനത്തിൽനിന്നുണ്ടാകുന്ന നഷ്ടംകൂടി പരിഹരിക്കുന്നതിനല്ലേ സെയിൽസ്ടാക്സ് ഏർപ്പെടുത്തിയതു്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ):

(എ) ൧,൧൪,൯൦,൩൬൭ രൂപ ഉറപ്പിക്കു.

(ബി) അതേ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ൧൧൨൪-ൽ പ്രൊഹിബിഷൻ ഏർപ്പെടുത്തിയതുമൂലം എത്ര രൂപ നഷ്ടം വന്നിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ഏ. ജെ. ജോൺ: അതു കണക്കുനോക്കാതെ പറയാൻ സാദ്ധ്യമല്ല.

ഗൃഹനിർമ്മാണപദ്ധതി

*൧൧൪൮. (൯) ശ്രീമതി ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആലപ്പുഴ പട്ടണത്തിൽ സ്വന്തമായി സ്ഥലമില്ലാത്തവർ എത്ര; സ്വന്തമായി വീടുകൾ ഇല്ലാത്തവർ എത്ര;

(ബി) ഗൃഹനിർമ്മാണപദ്ധതിയനുസരിച്ച് ആലപ്പുഴ പട്ടണത്തിൽ എത്ര ഗൃഹങ്ങൾ നിർമ്മിക്കാമെന്നാണു് ഗവമ്മെൻറു് നിശ്ചയിച്ചിട്ടുള്ളതു്;

(സി) അതിൽ എത്ര എണ്ണം തീർന്നു; തീർന്നതിൽ എത്രയെണ്ണം വാടകയ്ക്കു കൊടുത്തു?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കണക്കുകൾ ശേഖരിച്ചുവരികയാണു്.

(ബി) തല്ക്കാലം മുനിസിപ്പൽ തൊഴിലാളികൾക്കുവേണ്ടി ൨൮ ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. പദ്ധതി പുരോഗമിക്കുന്നതോടുകൂടി കൂടുതൽ വീടുകൾ നിർമ്മിക്കുന്നതായിരിക്കും. ഇപ്പോൾ എണ്ണം ക്ലിപ്തപ്പെടുത്തി പറയുവാൻ നിവൃത്തിയില്ല.

(സി) ൨൮ എണ്ണം തീർത്തു മുനിസിപ്പാലിററിയെ ഏല്പിച്ചിട്ടുണ്ടു്.

ശ്രീമതി ദേവകീ ഗോപിദാസ്: ആലപ്പുഴ പട്ടണത്തിൽ ഉണ്ടാക്കിയിട്ടുള്ള വീടുകളിൽ ഹരിജനങ്ങൾക്കായി ഉദ്ദേശിച്ചിട്ടുള്ളതു എത്രയെണ്ണമാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: മുനിസിപ്പാലിററിയിലെ ജോലിക്കാക്കുവേണ്ടിയാണു് അവ പണിതിട്ടുള്ളതു്. അവരുടെ കൂട്ടത്തിൽ ഹരിജനങ്ങളുമുണ്ടായിരിക്കും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ വീടുകൾ മുനിസിപ്പാലിററിയെ ഏല്പിച്ചിട്ടു എത്രകാലമായി?

ശ്രീ. ടി. കെ. നാരായണപിള്ള: നാലഞ്ചുമാസമായിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതിനകം ആർക്കെങ്കിലും വീടുകൾ താമസത്തിനു കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പണിതു മുനിസിപ്പാലിററിയെ ഏല്പിച്ചിട്ടുണ്ടു്. അതു താമസത്തിനു കൊടുക്കുന്നതു മുനിസിപ്പാലിററി ചെയ്യേണ്ടതാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മുനിസിപ്പാലിററി ആർക്കെങ്കിലും കൊടുത്തിട്ടുണ്ടോ ഇല്ലയോയെന്നു ഗവമ്മെൻറു് അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷിച്ചിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അന്വേഷിച്ചിട്ട് ആർക്കെങ്കിലും കൊടുത്തിട്ടുണ്ടെന്നോ കൊടുത്തിട്ടില്ലെന്നോ മനസ്സിലാക്കാൻ കഴിഞ്ഞതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ചില വീടുകൾ കൊടുത്തിട്ടുണ്ടു്.

ശ്രീമതി ദേവകി ഗോപിദാസ്: എന്തടിസ്ഥാനത്തിലാണു് വീടുകൾ കൊടുക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു ചില പ്രത്യേക വ്യവസ്ഥകളുണ്ടു്. അതു മുമ്പു് പലപ്പോഴും ഇവിടെ പറഞ്ഞിട്ടുണ്ടു്. അതായതു് ൨൦ കൊല്ലംകൊണ്ടു ചിലവായ തുക മുഴുവനും ഗവൺമെന്റിലേക്കു് ഈടാകത്തക്കവിധത്തിലുള്ള വ്യവസ്ഥകളിന്മേലാണു് കൊടുക്കുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: വീടുകൾ കൊടുക്കുന്നതു ഏതെല്ലാം കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു്? അതായതു്, ഒരാളിനു വീടു കൊടുക്കണമോ വേണ്ടയോ എന്നു നിശ്ചയിക്കുന്നതു എന്തിനെ അടിസ്ഥാനപ്പെടുത്തിയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: വീടുകൾ പണിതു മുനിസിപ്പാലിററിയെ ഏല്പിച്ചിരിക്കയാണു്. ആർക്കെല്ലാം കൊടുക്കണമെന്നുള്ളതു മുനിസിപ്പാലിററി തന്നെയാണു് തീരുമാനിക്കുന്നതു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ആലപ്പുഴ പട്ടണത്തിലെ ചതുപ്പുനിലം നികത്തുന്നതിനു വല്ല ആലോചനയും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചനയുണ്ടു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ വീടുകൾ പണിയുന്നതിന്റെ ചെലവു ഗവൺമെന്റാണോ മുനിസിപ്പാലിററിയാണോ വഹിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെണ്ടാണു് വഹിക്കുന്നതു്. അതു തവണകളായി ഗവർമ്മെന്റിലേക്കു അടയ്ക്കണമെന്നു വ്യവസ്ഥയുണ്ടു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: ആലപ്പുഴയിലെ ചതുപ്പുനിലം എത്രകാലത്തിനകം നികത്തണമെന്നാണു് ഗവർമ്മെന്റു് ഉദ്ദേശിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു നികത്തണമെന്നുള്ള ഒരാലോചന മാത്രമേ ഇപ്പോഴുള്ളു. അതിനെ സംബന്ധിച്ച അവസാന തീരുമാനങ്ങളൊന്നും ഇപ്പോൾ എടുത്തിട്ടില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ആലപ്പുഴെ ചവളക്കാരുവിലുള്ള പഴയ വീടുകൾ പൊളിച്ചുകളഞ്ഞിട്ടു പുതുതായ വീടുകൾ നിർമ്മിച്ചുകൊടുക്കണമെന്നു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ഈ വീടുകളുടെ വാടക എത്രയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു പലതിനേയും അടിസ്ഥാനപ്പെടുത്തിയാണു് നിശ്ചയിക്കുന്നതു്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: ശരാശരി എന്തുവരും എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

സാഹിബ് ബഹദൂർ വി. ഏ. അബ്ദുൾ അസീസ്: വീടില്ലാത്തവരുടെ എല്ലാം കണക്കു മാർച്ചു് ൩൧-ാംനു-ക്കകം ഗവർമ്മെന്റു എടുക്കുന്നതാണെന്നു പറഞ്ഞിരുന്നു. ആ കണക്കുകൾ മുഴുവൻ ശേഖരിച്ചു കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മാർച്ച് ൩൧-ാംനു-ക്കകം മുഴുവൻ കണക്കുകളും ശേഖരിക്കണമെന്നുതന്നെയാണു് ഗവർമ്മെൻറ് ഉദ്ദേശിച്ചിരുന്നതു്. അതനുസരിച്ചു ചില താലൂക്കുകളിൽനിന്നും കണക്കുകൾ കിട്ടിയിട്ടുണ്ടു്. ചില താലൂക്കുകളിലേതു ഇനിയും കിട്ടിയിട്ടില്ല.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: അതിനുള്ള നടപടികൾ എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതാണു് ഞാനിപ്പോൾ പറഞ്ഞതു്. ചില താലൂക്കുകളിൽനിന്നും കിട്ടിയിട്ടുണ്ടു്. ചില താലൂക്കുകളിലേതു ഇനിയും കിട്ടാനുണ്ടു്.

ശ്രീ. എ. താണുപിള്ള: മുനിസിപ്പാലിററിയെ ഏല്പിച്ചു കെട്ടിടങ്ങൾക്കു ചെലവായ തുക തവണകളായി മുനിസിപ്പാലിററിതന്നെ ഗവമ്മെൻറിലേക്കു അടയ്ക്കണമെന്നാണോ, അതോ അതിൽ താമസിക്കുന്ന ആളുകൾ അടയ്ക്കണമെന്നാണോ വ്യവസ്ഥ?

ശ്രീ. ടി. കെ. നാരായണപിള്ള: മുനിസിപ്പാലിററിതന്നെ അടയ്ക്കണമെന്നാണു വ്യവസ്ഥ. അതിനെ സംബന്ധിച്ചു മുനിസിപ്പാലിററിയുമായി ഒരു ഉടമ്പടിയുമുണ്ടു്.

ഗൃഹനിർമ്മാണപദ്ധതി

* ൧൧൮൫. (ന്ന) ശ്രീമതി ദേവകി ഗോപിദാസ്: താഴെപറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഗൃഹനിർമ്മാണപദ്ധതി എത്ര കൊല്ലംകൊണ്ടു പൂർത്തിയാക്കാമെന്നാണു് ഗവമ്മെൻറ് വിചാരിക്കുന്നതു്;

(ബി) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ ആകെ എത്ര വീടുകൾ പണിയണമെന്നാണു് ഗവമ്മെൻറ് നാശ്ചയിച്ചിട്ടുള്ളതു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇപ്പോഴത്തെ പദ്ധതി ൧൦ കൊല്ലംകൊണ്ടു പൂർത്തിയാക്കാമെന്നു വിചാരിക്കുന്നു.

(ബി) ഇപ്പോഴുള്ള ദശവൽസരപദ്ധതിയനുസരിച്ചു ൨൫, ൦൦൦ വീടുകളെങ്കിലും നിർമ്മിക്കാമെന്നാണു് ഉദ്ദേശിക്കുന്നതു്.

ശ്രീമതി ദേവകീ ഗോപിദാസ്: കൊച്ചി വിഭാഗത്തിൽ എത്ര വീടുകൾ പണിയണമെന്നാണു് ഉദ്ദേശിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിഞ്ഞകൊല്ലംതന്നെ തേവര, ഇരിഞ്ഞാലക്കുട മുതലായ സ്ഥലങ്ങളിൽ കുറെ വീടുകൾ പണിതിട്ടുണ്ടു്. ഇക്കൊല്ലവും കുറെ വീടുകൾ പണിയണമെന്നു ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. കെ. എ. മാത്യു: ഭവന നിർമ്മാണത്തിനു ആവശ്യമായ പ്ലാനുകളും മററു വിദഗ്ദ്ധോപദേശങ്ങളും ഗവമ്മെൻറിലേക്കു തരുന്നതാരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: പലതരം ടൈപ്പുകൾ പരിശോധിച്ചതിനുശേഷം രണ്ടുമൂന്നു ടൈപ്പുകൾ ഗവമ്മെൻറ് തെരഞ്ഞെടുത്തിട്ടുണ്ടു്. അതനുസരിച്ചുള്ള വീടുകളാണു് ഇപ്പോൾ പണിയിക്കുന്നതു്.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: ഈ ദശവത്സരപദ്ധതി എന്താണെന്നു മനസ്സിലാക്കണമെന്നുണ്ടെങ്കിൽ അതെവിടെപ്പോയാൽ സാധിക്കും?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവൺമെൻറിനു ഇങ്ങനെ ഒരു ദശവത്സര പദ്ധതിയുണ്ടു്. അതെന്താണെന്നു എൻെറ സ്നേഹിതനു മനസ്സിലാക്കണമെങ്കിൽ മനസ്സിലാക്കാൻ പ്രയാസമില്ല.

ശ്രീ. കെ. പി. നീലകണ്ഠപ്പിള്ള: എനിക്കു മനസ്സിലാകുന്ന കാര്യമല്ല ഞാൻ ചോദിച്ചതു്. ഈ രാജ്യത്തെ ജനങ്ങൾക്കു ഈ പദ്ധതി എന്താണെന്നറിയുന്നതിനുവേണ്ടി ഗസററിലോ മററൊ പരസ്യംചെയ്തിട്ടുണ്ടോ എന്നാണ് എനിക്കറിയേണ്ടതു്:

ശ്രീ. ടി. കെ. നാരായണപിള്ള: പരസ്യം ചെയ്തിട്ടില്ല. പരസ്യം ചെയ്യേണ്ട ആവശ്യമുണ്ടെങ്കിൽ പരസ്യം ചെയ്യാം. പക്ഷെ അതെന്താണെന്നു അറിയണമെന്നുള്ളവർക്കു് ഇപ്പോഴും അതു മനസ്സിലാക്കുന്നതിനു പ്രയാസമില്ല.

ശ്രീ. ആർ. ശങ്കർ: ഈ രാജ്യത്തു ഭവനരഹിതരായിട്ടുള്ളവർ എത്രയുണ്ടെന്നാണ് ഗവൺമെൻറിൻെറ അറിവു്?

ശ്രീ. ടി. കെ. നാരായണപിള്ള: ൧൯൪൧-ലെ സെൻസസ് അനുസരിച്ചു നാലു ലക്ഷത്തിനും അഞ്ചു ലക്ഷത്തിനും ഇടയ്ക്കുള്ള വീടുകൾ കൂടുതലായി ആവശ്യമുണ്ടെന്നാണ് ഗവൺമെൻറു മനസ്സിലാക്കുന്നതു്. വേറെ കണക്കുകളൊന്നും ശേഖരിച്ചിട്ടില്ല.

ശ്രീ. ആർ. ശങ്കർ: ഈ ദശവത്സര പദ്ധതിയനുസരിച്ചു എത്ര വീടുകൾ പണിയണമെന്നാണ് ഗവൺമെൻറു് ഉദ്ദേശിച്ചിരിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഏകദേശം ൨൫,൦൦൦ വീടുകൾ പണിയിക്കണമെന്നാണ് ഉദ്ദേശിക്കുന്നതെന്നു ഞാൻ നേരത്തെ പറഞ്ഞു.

ശ്രീ. ആർ. ശങ്കർ: കഴിഞ്ഞ രണ്ടുകൊല്ലംകൊണ്ടു എത്ര വീടുകൾ പണിതിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇതിനുമുമ്പു പലതവണയും പറഞ്ഞിട്ടുണ്ടു്.

ശ്രീ. ആർ. ശങ്കർ: പത്തുകൊല്ലംകൊണ്ടു് ൨൫,൦൦൦ വീടുകൾ പണിയാൻ ഉദ്ദേശിക്കുന്നുണ്ടെന്നും, എന്നാൽ കഴിഞ്ഞ രണ്ടു കൊല്ലംകൊണ്ടു് ൨൦൦ വീടുകളെ പണിതിട്ടുള്ളു എന്നും പറയുന്നതുകൊണ്ടു് ഞാൻ ചോദിക്കുകയാണ് ഇക്കണക്കിനുപോയാൽ ൧൦ കൊല്ലംകൊണ്ടു എങ്ങിനെയാണ് ൨൫,൦൦൦ വീടുകൾ പണിയുന്നതെന്നാണ് എൻെറ സംശയം.

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടുകൊല്ലമായിട്ടില്ല. ഒരു കൊല്ലംകൊണ്ടാണ് ഇത്രയും വീടുകൾ പണിതിട്ടുള്ളതു്.

ലഹരി സാധനങ്ങൾ

* ൧൧൯. (൧) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

൧൮ വയസ്സിൽ കുറഞ്ഞവർ ലഹരിസാധനം ഉപയോഗിക്കുവാൻ പാടില്ല എന്നൊരു നിയമമുണ്ടാക്കുന്ന കാര്യം ഗവൺമെൻറിൻെറ ആലോചനയിൽ പെട്ടിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ഇല്ല.

ശ്രീമതി ദേവകി ഗോപിദാസ്: അതിനെപ്പററി ആലോചിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: അതിനെപ്പററി ആലോചിക്കേണ്ട ആവശ്യമില്ല. ഇപ്പോൾ നിലവിലിരിക്കുന്ന നിയമംകൊണ്ടുതന്നെ അതു് തടയാവുന്നതാണ്. മദ്യനിരോധന മേഖലയിൽ ഇതു് തടയേണ്ട ആവശ്യമേ ഇല്ല. മററു സ്ഥലങ്ങളിലായാലും 16 വയസ്സിൽ കുറഞ്ഞ ആളുകൾക്കു ലഹരിസാധനങ്ങൾ വില്ക്കുവാൻ പാടില്ലെന്നു ട്രാവൻകൂർ ചിൽഡ്രൻസ് ആക്ടിൽ വ്യവസ്ഥയുണ്ടു്. It penalises giving any intoxicating drink to any person below the age of 16 years. Section 12 of the same Act enables seizure by a police officer of any beedy, tobacco or smoking mixture found in possession of persons below 16. There are, however no similar provisions in the Cochin Children's Act. But section 3 of the Cochin Juvenile Smoking Prevention Act II of 1125 penalises the selling of tobacco to any person under the age of 16 years and Section 4 enables the seizure of tobacco in possession of a person under the age of 16. അതുകൊണ്ടു് ഒരു പ്രത്യേക നിയമനിർമ്മാണത്തിൻെറ ആവശ്യം ഇല്ല.

ശ്രീമതി ദേവകി ഗോപിദാസ്: ഈ വ്യവസ്ഥയ്ക്കു വിപരീതമായി ധാരാളം പേർ പരസ്യമായിത്തന്നെ ലഹരിസാധനങ്ങൾ ഉപയോഗിക്കുന്നുണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: ഈ വ്യവസ്ഥ അത്ര നിഷ്കൃഷ്ടമായി പ്രയോഗത്തിൽ കൊണ്ടുവരുന്നില്ലെന്നാണ് എനിക്കു തോന്നുന്നതു്. അതിൽ കൂടുതൽ ശ്രദ്ധവയ്ക്കണമെന്നാണ് ബ. മെമ്പർ നിർദ്ദേശിക്കുന്നതെങ്കിൽ ആ നിർദ്ദേശം സ്വീകരിക്കുന്നു.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ബീഡി, പുകയില മുതലായവ ലഹരിസാധനങ്ങളുടെ കൂട്ടത്തിൽപ്പെടുന്നവയാണെന്നു് ഗവമ്മെണ്ടിനു അറിയാമോ?

ശ്രീ. സി. കേശവൻ: മദ്യനിരോധന മേഖലയിൽ നിരോധിച്ചിട്ടുള്ള ലഹരിസാധനങ്ങളുടെ കൂട്ടത്തിൽ ഇവ ഉൾപ്പെടുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അക്കൂട്ടത്തിൽ ഇവ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും ഇവയും ലഹരിസാധനങ്ങളല്ലേ?

ശ്രീ. സി. കേശവൻ: അങ്ങിനെയാണെങ്കിൽ പലതും ലഹരിസാധനങ്ങളായി ഗണിക്കേണ്ടിവരും.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ വ്യവസ്ഥകളെ വിപരീതമായി ലഹരിസാധനങ്ങൾ ഉപയോഗിക്കുന്ന കുട്ടികളെ ശിക്ഷിക്കുന്നതിനു ഇപ്പോൾ അധികാരമുണ്ടോ?

Mr. Speaker: Answer to that question has already been given.

ഉദ്യോഗസ്ഥന്മാരുടെ എണ്ണം

*261. (u) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി റവന്യൂ ബോർഡിൽ നൂറു രൂപയ്ക്കുമേൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ആകെ എണ്ണമെത്ര;

(ബി) അവരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക പ്രസ്താവിക്കുമോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) 20.

(ബി) നായന്മാർ ൮, ഈഴവർ ൩, റോമൻ സിറിയൻ ൨, ലത്തീൻ ക്രിസ്ത്യൻ ൧, മാർത്തോമ ൧, തമിഴ് ബ്രാഹ്മണർ ൨, സാരസ്വത ബ്രാഹ്മണൻ ൧, മററ ഹിന്ദു-വെള്ളാള ൧.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽ അസീസ്: ഈ നിയമനങ്ങളിൽ സമുദായ നീതി ഗവമ്മെൻറ് പാലിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പബ്ലിക്ക് സവ്വീസ് കമ്മീഷനാണ് അവരെ നിയമിക്കുന്നതു്. സമുദായനീതി പാലിക്കണമെന്നുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ ഓരോ പോസ്റ്റിലും സമുദായനീതി പാലിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പ്രമോഷൻസിനു് സമുദായപ്രാതിനിധ്യം പാലിക്കുകയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഈ ൧൯ പേരും പ്രമോഷൻ കിട്ടിയിട്ടുള്ളവരാണോ?

ശ്രീ. എ. ജെ. ജോൺ: ഡയറക്ടായിട്ടു നിയമിക്കപ്പെട്ടിട്ടുള്ളവരല്ല.

അഞ്ചൽവകുപ്പു സംയോജനം

* ൧൧൯൮ (൯) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) അഞ്ചൽ വകുപ്പു പോസ്റ്റ് ആൻറ് ടെലഗ്രാഫ് ഡിപ്പാർട്ടുമെൻറിൽ സംയോജിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോൾ മുതൽ;

(സി) അഞ്ചൽനിരക്കു വദ്ധിപ്പിക്കുവാൻ ആലോചനയുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ആൻറ് (ബി) അഞ്ചൽ ഡിപ്പാർട്ടുമെൻറ് ൧൯൫൦ ഏപ്രിൽ ൧-ാം തീയതി മുതൽ ഇന്ത്യാ ഗവമ്മെൻറ് ഏറെറടുത്തുവെങ്കിലും ഈ തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറ് ഇൻഡ്യാ ഗവമ്മെൻറിൽനിന്നും ഏറെറടുത്തു് ഒരു ഏജൻസി മുഖാന്തിരം നടത്തിവരികയായിരുന്നു. ഈ ഏപ്രിൽ ൧-ാം തീയതി മുതൽ അതു് ഇൻഡ്യാ ഗവമ്മെൻറ് ഏറെറടുത്തു. ഇൻഡ്യാ ഗവമ്മെൻറിൻെറ നേരിട്ടു കീഴിലാണു് നടക്കുന്നതു്.

(സി) അഞ്ചൽ കാർഡിൻെറ വിലയും അഞ്ചൽ കവറിൻെറ വിലയും സംബന്ധിച്ചു ഡെപ്യൂട്ടി മിനിസ്റ്റർ ആഫ് കമ്യൂണിക്കേഷൻസ് ഇവിടെ വന്നിരുന്ന അവസരത്തിൽ ഇവിടെവച്ചു ചച്ച നടത്തി അതിൽ ചില തീരുമാനങ്ങൾ ചെയ്തുപോയിട്ടുണ്ടു്. ആ തീരുമാനങ്ങൾ ഇപ്പോൾ ഇൻഡ്യാ ഗവമ്മെൻറിൻെറ കയ്യിലിരിക്കുകയാണു്. കാർഡിൻേറയും കവറിൻേറയും ഇന്നത്തെ വില അതേപോലെതന്നെ രണ്ടു് കൊല്ലത്തേയ്ക്കെങ്കിലും നിലനിറത്തിയാൽ കൊള്ളാമായിരുന്നു എന്നു ഗവമ്മെൻറ് അഭിപ്രായപ്പെട്ടിട്ടുണ്ടായിരുന്നു. കാർഡിൻെറ വില രണ്ടു പൈ കൂടി കൂട്ടിയും കവറിൻെറ വില ഒരണ കുറക്കിയും ഇൻഡ്യാ ഗവമ്മെൻറിൻെറ ഒരു കമ്യൂണിക്കേഷൻ ഈ ഗവമ്മെൻറിനു് കിട്ടിയിട്ടുണ്ടു്. അതു് ഇവിടെ വച്ചു ചെയ്ത തീരുമാനത്തിനു വിരുദ്ധമാണെന്നും ഇവിടെവച്ചു ചെയ്ത തീരുമാനമനുസരിച്ചുതന്നെ റേററ നിശ്ചയിക്കണമെന്നും വളരെ ശക്തിയായി ഗവമ്മെൻറ് ഇൻഡ്യാ ഗവമ്മെൻറിനെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: അഞ്ചൽ ഡിപ്പാർട്ടുമെൻറ് ഇൻഡ്യാ ഗവമ്മെൻറ് ഏറെറടുത്തതോടുകൂടി അതിൽനിന്നു് ഏതെങ്കിലും സിൽബന്തികളെ കുറച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കുറയ്ക്കുകയില്ലെന്നു പറഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. എസ്. ജോസഫ്: അഞ്ചൽ വകുപ്പു് പോസ്ററു് ആൻറു് ടെലഗ്രാഫ് ഡിപ്പാർട്ടുമെൻറുമായി സംയോജിപ്പിച്ച സമയത്തു് പത്തു കൊല്ലത്തേയ്ക്കു അഞ്ചൽ വകുപ്പു് ഏജൻസിയായിട്ടു നടത്തുവാൻ ഈ ഗവമ്മെൻറിനു് തരാമെന്നു് പറഞ്ഞിട്ടുണ്ടായിരുന്നില്ലേ?

ശ്രീ. സി. കേശവൻ: ഇല്ല. പത്തു കൊല്ലത്തേയ്ക്കു് എന്നു് ഇല്ലായിരുന്നു.

ശ്രീ. കെ. എസ്സു്. ജോസഫ്: ഏതെങ്കിലും ഒരു കാലനിർണ്ണയം ഉണ്ടായിരുന്നോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. എ. താണുപിള്ള: അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ നിന്നു് ഇപ്പോഴും നടത്തിവരുന്ന അഞ്ചൽ സേവിംഗ്സ് ബാങ്കിനെ സംബന്ധിച്ചു് വല്ല വ്യവസ്ഥയും ഇൻഡ്യാ ഗവമ്മെൻറുമായി ചെയ്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അതിനെസംബന്ധിച്ചു് തീരുമാനമായിട്ടില്ല. ആലോചന നടത്തുന്നതേയുള്ളു.

ശ്രീ. എ. താണുപിള്ള: ഈ ഗവമ്മെൻറ എന്താണു് പറഞ്ഞിരിക്കുന്നതു്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ): അഞ്ചൽ സേവിംഗ്സ് ബാങ്ക് ഈ ഗവമ്മെൻറിനുതന്നെ നടത്തിക്കൊണ്ടുപോയാൽ കൊള്ളാമെന്നാണു് പറഞ്ഞിരിക്കുന്നതു്. ഒരുപക്ഷേ ഇൻഡ്യാ ഗവമ്മെൻറ അതു് ഏറെറടുത്താൽതന്നെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലുള്ള തുക ഇൻഡ്യാഗവമ്മെൻറിൽനിന്നും ഈ ഗവമ്മെൻറിനു കടമായി തന്നതായി വിചാരിക്കണമെന്നും, ഡിപ്പോസിററുകാർ ആവശ്യപ്പെടുന്ന സംഖ്യ ഇൻഡ്യാ ഗവമ്മെൻറ കൊടുക്കണമെന്നും ഡിപ്പോസിററുകാക്കു് ഇൻഡ്യാ ഗവമ്മെൻറ കൊടുക്കുന്ന പണമത്രയും ഈ ഗവമ്മെൻറ ഇൻഡ്യാ ഗവമ്മെൻറിനു കൊടുക്കണമെന്നുമാണു് പറയുന്നതു്. അതിനെ സംബന്ധിച്ചു് അവസാനതീരുമാനമൊന്നുമായിട്ടില്ല.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: അഞ്ചൽ ജീവനക്കാരുടെ ശമ്പളം പോസ്റ്റൽ ജീവനക്കാരുടെ ശമ്പളത്തോടൊപ്പം ക്രമീകരിക്കണമെന്നു് തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ശമ്പളം ക്രമീകരിക്കുന്നതിനു നിശ്ചയിച്ചിട്ടുണ്ടു്.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: പഴയ അഞ്ചൽ സേവിംഗ്സ് റൂൾസ് അനുസരിച്ചാണോ ഈ സേവിംഗ്സ് ബാങ്ക് ഇനിയും നടത്തുവാൻ പോകുന്നതു്?

ശ്രീ. എ. ജെ. ജോൺ: ഈ ഗവമ്മെൻറുതന്നെയാണു് അതു് നടത്തിക്കൊണ്ടുപോകുന്നതെങ്കിൽ പഴയ റൂൾസ് അനുസരിച്ചുതന്നെയായിരിക്കും സേവിംഗ്സ് ബാങ്ക് നടത്തുക. ഇൻഡ്യാ ഗവമ്മെൻറ ഏറെറടുത്തു നടത്തുകയാണെങ്കിൽ പോസ്റ്റൽ സേവിംഗ്സ് ബാങ്ക് റൂൾസ് അനുസരിച്ചായിരിക്കണമെന്നു് ഈ ഗവമ്മെൻറ ഇൻഡ്യാ ഗവമ്മെൻറിലേയ്ക്കു എഴുതിഅയച്ചിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് അവസാനതീരുമാനം ഇതേവരെയും ചെയ്തിട്ടില്ല.

Sri. D. Gnanasigamoni: Have the Government an idea of the amount of deposits in the Anchal Savings Bank?

ശ്രീ. എ. ജെ. ജോൺ: അഞ്ചൽ സേവിംഗ്സ് ബാങ്കിലെ ഡിപ്പാസിററ എമൗണ്ട് ബഡ്ജററിൽതന്നെയുണ്ട്.

ശ്രീ. എ. താണുപിള്ള: ആകപ്പാടെയുള്ള റണ്ണിംഗ് അക്കൗണ്ടു അനുസരിച്ചു് സേവിംഗ്സ് ബാങ്കു എമൗണ്ട് ഇൻഡ്യാ ഗവമ്മെൻറ എടുത്തുകഴിഞ്ഞാൽ, ഇൻഡ്യാ ഗവമ്മെൻറിൻെറ കയ്യിൽ അതാതു് കാലത്തിരിക്കുന്ന സംഖയിൽനിന്നു് ഡിപ്പാസിററകാക്കു കൊടുത്താൽ, ആ തുക ഈ ഗവമ്മെൻറ ഇൻഡ്യാ ഗവമ്മെൻറിനു കൊടുക്കണമെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജോൺ: ഇൻഡ്യാ ഗവമ്മെൻറ അതിൻെറ ഭാരം മുഴവൻ ഏറെറടുക്കുകയാണെങ്കിൽ ഡിപ്പോസിററകാർ പത്തോ പതിനഞ്ചോ ലക്ഷം രൂപാ ആവശ്യപ്പെട്ടാലും അതു് ഇൻഡ്യാ ഗവമ്മെൻറ കൊടുക്കും. ആ തുക തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറ ഇൻഡ്യാഗവമ്മെൻറിനു കൊടുക്കണം.

ശ്രീ. എ. താണുപിള്ള: ഇൻഡ്യാ ഗവമ്മെൻറിനെ ഏല്പിക്കുന്ന തുകയിൽ കൂടുതൽ സംഖ്യ ഇൻഡ്യാ ഗവമ്മെൻറ കൊടുക്കുകയാണെങ്കിൽ ആ സംഖ്യ ഇൻഡ്യാ ഗവമ്മെൻറിനു കൊടുക്കണമെന്നാണോ?

ശ്രീ. എ. ജെ. ജോൺ: ഇൻഡ്യാ ഗവമ്മെൻറിനു പണമൊന്നും കൊടുക്കുന്നില്ല. അതിൻെറ ഉത്തരവാദിത്വംമാത്രമേ ഇൻഡ്യാ ഗവമ്മെൻറ ഏറെറടുക്കുന്നുള്ളു. എന്നാൽ അതിൻെറ അറേഞ്ചുമെൻറ അനുസരിച്ചു് ഈ സംഖ്യ ഇൻഡ്യാ ഗവമ്മെൻറിനു കൊടുക്കേണ്ടതായി കണക്കാക്കണം. ഡിപ്പാസിററകാർ ആവശ്യപ്പെടുന്ന തുക ഇൻഡ്യാ ഗവമ്മെൻറ കൊടുത്താൽ ആ തുക ഈ ഗവമ്മെൻറ ഇൻഡ്യാഗവമ്മെൻറിനു കൊടുക്കണം.

Sri. P. S. Nataraja Pillai: Am I to understand that in future withdrawals will be met by the Travancore-Cochin Government and the deposits will be credited to the Central Government?

Sri. A. J. John: In effect, it will be so.

ശ്രീ. പി. ചാക്കൊ: അഞ്ചൽ ജീവനക്കാരുടെ ശമ്പളം ഇപ്പോഴും ഉള്ളതിൽ കുറയ്ക്കുകയില്ല എന്നു വ്യവസ്ഥയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇപ്പോഴും ഉള്ളതിൽ കുറയ്ക്കുകയില്ല എന്നല്ല കൂട്ടുകയും ചെയ്യും.

ശ്രീ. എ. കെ. പാച്ചുപിള്ള: അഞ്ചൽ ഡിപ്പാർട്ടുമെൻറിൽനിന്നു് ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ?.

ശ്രീ. എ. ജെ. ജോൺ: അതു് ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

ഭവന നിർമ്മാണം

* ൧൧൯൯ (൧൦) സാഹിബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

ഭവനനിർമ്മാണപദ്ധതി അനുസരിച്ചു ൧൯൫൦-ൽ എത്ര ഭവനങ്ങൾ എവിടെയെല്ലാം നിർമ്മിച്ചിട്ടുണ്ടു്? അതിൽ എത്രയെണ്ണത്തിൽ ആൾപാർപ്പു തുടങ്ങി?

വിദ്യാഭ്യാസവും ക്ഷേമവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ൧൨൧ ഭവനങ്ങൾ. കന്യാകുമാരി ൧൭; കൊല്ലം ൧൦; ആലപ്പുഴ ൨൪; തേവര ൨൪; ഇരിഞ്ഞാലക്കുട ൨൪; തിരുവനന്തപുരം ൩൦; പുനലൂർ ൧൨; കുമരകം ൧൦; ആലുവാ ൨൪. തി

തിരുവനന്തപുരത്തുള്ള ൩൦ വീടുകൾ ഒഴിച്ചുള്ള എല്ലാ ഭവനങ്ങളിലും ആൾ പാർപ്പു തുടങ്ങി.

Sri. P. Balakrishnan Tampi: May I know whether it cannot be arranged that this question will be answered by the Minister every day? (Laughter.)

(No. answer.)

ഫിഷറി ഇൻസ്പെക്ടറന്മാർ

*൧൨൦൦ (൧൧) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജനത്തിനു മുൻപേ തിരുവിതാംകൂറിൽ എത്ര ഡിവിഷൻ ഫിഷറി ഇൻസ്പെക്ടറന്മാർ ഉണ്ടായിരുന്നു ;

(ബി) കൊച്ചിയിൽ, ഡിവിഷൻ ഫിഷറി ഇൻസ്പെക്ടറന്മാർ ഉണ്ടായിരുന്നോ;

(സി) ഇപ്പോൾ തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ എത്ര ഡിവിഷൻ ഫിഷറി ഇൻസ്പെക്ടറന്മാർ ഉണ്ട്;

(ഡി) അവരിൽ പഴയ കൊച്ചിപ്രദേശത്തു് എത്രപേർ; തിരുവിതാംകൂർ പ്രദേശത്തു എത്രപേർ;

(ഇ) ഫിഷറി ഇൻസ്പെക്ടർ ഉദ്യോഗത്തിനു ഗവമ്മെന്റു നിശ്ചയിച്ചിരിക്കുന്ന പരീക്ഷായോഗ്യത എന്താണു് ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി
ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ൩ ഫിഷറി ഇൻസ്പെക്ടറന്മാർ.

(ബി) ഉണ്ടായിരുന്നു.

(സി) ൮ പേർ.

(ഡി പഴയ കൊച്ചിപ്രദേശത്തു അഞ്ചും, തിരുവിതാംകൂർ പ്രദേശത്തു് മൂന്നും.

(ഇ) ബി. എ. ഡിഗ്രിയും, ഫിഷറി പരിശീലനവും.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: കൊച്ചിപ്രദേശത്തു അഞ്ചും, തിരുവിതാംകൂർ പ്രദേശത്തു മൂന്നും ഇൻസ്പെക്ടറന്മാർ ആകാൻ കാരണമെന്താണു് ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടത്തെ ഫിഷറീസ് ആദ്യം യൂണിവേഴ്സിറ്റിയുടെ കീഴിലായിരുന്നു. കൊച്ചിയിൽ ഫിഷറീസ് ഫിഷറി ഡിപ്പാർട്ടുമെന്റിന്റെ കീഴിലായിരുന്നു. ഇപ്പോൾ ഇവിടത്തെ ഫിഷറീസും ഫിഷറി ഡിപ്പാർട്ടുമെന്റിന്റെ കീഴിലാക്കിയിട്ടുണ്ട്. ഇതു് റീആർഗനൈസ് ചെയ്തു് ഒരേ ലവലിൽ കൊണ്ടുവരുവാൻ പോകുകയാണു്.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: കൊച്ചി ഡിവിഷനിൽ ഇവിടത്തേക്കാൾ കൂടുതൽ ഇൻസ്പെക്ടറന്മാർ ആകാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു മാററുവാൻ പോകുകയാണു്. അവിടെ ഇ ഇൻസ്പെക്ടറന്മാർ വരുവാനുള്ള കാരണമാണു് ഞാൻ മുമ്പു പറഞ്ഞതു്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ കുറെ ഡിവിഷൻസായിട്ടു് തിരിച്ചു് ഫിഷറി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഫിഷറി ഡവലപ്പുമെന്റു സ്കീം നടപ്പിൽ വരുത്തുവാനാണു് ഗവർമ്മെന്റ് നിശ്ചയിച്ചിരിക്കുന്നതു്. അപ്രകാരം റീ ആർഗനൈസ് ചെയ്യുമ്പോൾ രണ്ടു സ്ഥലത്തും ഒരേ ലവലിൽ വരുന്നതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഫിഷറി സിഗ്രിയെ സംബന്ധിച്ചുള്ള പരിശീലനം തിരുവിതാംകൂർ യൂണിവേഴ്സിററിയിൽ കൊടുക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ലെന്നാണ് എന്റെ അറിവ്.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: ഇത്രയും ഫിഷറി ഇൻസ്പെക്ടർമാരുടെ ആവശ്യമുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്. അതിൽ റവന്യൂ കളക്ക് ചെയ്യുന്നതിനു ഇൻസ്പെക്ടർമാരുണ്ട്. വെൽഫെയർ വർക്കിനു ഇൻസ്പെക്ടർമാരുണ്ട്. നൂൽ വിതരണത്തിനു ഇൻസ്പെക്ടർമാരുണ്ട്. ഇങ്ങനെ പല കാര്യങ്ങളും ഇൻസ്പെക്ടർമാർ നടത്തേണ്ടതായിട്ടുണ്ട്.

ഫിഷറീസ് കാൺഫറൻസ് പ്രതിനിധികൾ

*൧൨൦൧ (൧൨) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്രാസിൽ വച്ചു നടത്തപ്പെട്ട ഇൻഡോ പസഫിക്ക് ഫിഷറീസ് കാൺഫറൻസിലേയ്ക്കു നമ്മുടെ ഗവർമ്മെൻറിന്റെ പ്രതിനിധിയായി ഡിപ്പാർട്ടുമെൻറു നിർദ്ദേശിച്ചതാരെയാണ്;

(ബി) ആരെയാണ് അയച്ചതു്;

(സി) ഇൻഡോനീഷ്യൻ ഫിഷറീസ് കൺവെൻഷനിൽ ഈ സംസ്ഥാനത്തെ പ്രതിനിധീകരിക്കാൻ ആരെയാണ് ഡിപ്പാർട്ടുമെൻറിൽനിന്നും ശുപാർശ ചെയ്തിട്ടുള്ളതു്? .

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ശ്രീ. പി. എം. ഗോകുലപാലമേനോൻ, ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്.

(ബി) ശ്രീ. കെ. ഗോപിനാഥപിള്ള: ആക്ടിംഗ് മറയിൻ ബയാളജിസ്ററ്.

(സി) ഇപ്പോൾ പറയുന്നതു ഉചിതമായിരിക്കയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഒരാളെ നിർദ്ദേശിക്കുവാനും വേറൊരാളെ അയയ്ക്കുവാനും കാരണമെന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ശ്രീ. ഗോകുലപാലമേനോനെ ഫിഷറി സൂപ്രണ്ട് റക്കമെൻറു ചെയ്തു അയച്ചതാണ്. അദ്ദേഹത്തിന്റെ റക്കമെൻറേഷൻ വരുന്നതിനുമുമ്പ് അതു യൂണിവേഴ്സിററിയുടെ കീഴിലായിരുന്നതിനാൽ അവിടെനിന്നു ഒരാളെ അയയ്ക്കുകയാണ് ചെയ്തതു്.

ശ്രീ. റഫേൽ ജെ. റൊഡ്രിംഗ്സ്: ആ പ്രതിനിധി ഗവർമ്മെൻറിലേയ്ക്കു് ആ കാൺഫറൻസിൽ നടന്ന കാര്യങ്ങളെക്കുറിച്ചു് റിപ്പോർട്ടു് സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അതിലെ പ്രധാനകാര്യങ്ങൾ എന്തെല്ലാമാണ്.

ശ്രീ. ടി. കെ. നാരായണപിള്ള: അതിൽ പല കാര്യങ്ങളുമുണ്ട്. അതിനു പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ അതിലെ എല്ലാ കാര്യങ്ങളും പറയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഫിഷറിയെ സംബന്ധിച്ചുള്ള പരീക്ഷണശാല ഗവേഷണങ്ങൾ എത്ര യൂണിവേഴ്സിററിയിൽ നിന്നാണ് കിട്ടുന്നതെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അന്വേഷിച്ചുപറയാം.

ഞാറയ്ക്കൽ ഫിഷ്ഫാം

* ൧൨൦൨ (൧൩) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഞാറയ്ക്കൽ ഫിഷ് ഫാമിൽനിന്നും ൧൯൫൦-ൽ ഉണ്ടായിട്ടുള്ള വരവ് എന്താണ്;

(ബി) അതിൻെറ നടത്തിപ്പിലേയ്ക്കു ആ ആണ്ടിൽ ചെലവായ തുക എന്ത്?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പു മന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള:)

(എ) ൭൩,൮൪ രൂപ. ൩ണ. ൩പൈസ.

(ബി) ൨൯൩൪ രൂപ. ൧൫ണ. ൨പൈസ.

ശ്രീ. എം. ഐ. പാറം: ഞാറയ്ക്കലെ ഫിഷ്ഫാം എക്സ്റ്റൻറ് ചെയ്യുവാൻ ഗവർമ്മെൻറ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സാമ്പത്തികവർഷത്തിൽ അതിനു ഒരു സ്കീം ഉണ്ട്.

ശ്രീ. ആർ. ശങ്കർ: ഈ ചെലവിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഉൾപ്പെടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: എത്ര ഫിഷ് ഫാം ഉണ്ട് ?

ശ്രീ. ടി. കെ. നാരായണപിള്ള: കന്യാകുമാരിയിലുണ്ട്, ഞാറയ്ക്കൽ ഉണ്ട്. ഞാറയ്ക്കൽ ഉള്ളതാണ് പ്രധാനപ്പെട്ട ഫിഷ്ഫാം.

Sri. P. S. Nataraja Pillai: May I know whether fish farm and fish curing farm are the same?

ശ്രീ. ടി. കെ. നാരായണപിള്ള: അതുരണ്ടും രണ്ടാണ്.

ശ്രീ. എം. ഐ. പാറം: ഞാറയ്ക്കലെ ഫിഷ് ഫാം സമീപകാലത്തു ഡവലപ്പുചെയ്യുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: വലിയ ദൂരം വരികയില്ല.

ശ്രീ. എം. ഐ പാറം: എത്രമാസം വേണ്ടിവരും?

ശ്രീ. ടി. കെ. നാരായണപിള്ള: അധികമാസം വേണ്ടിവരികയില്ല.

ശ്രീ. എ. താണുപിള്ള: ഏഴായിരത്തിൽ ചില്വാനം ഉറപ്പിക വരവ് എന്നു പറഞ്ഞതു ചെലവുകഴിച്ചിട്ടുള്ള വരവാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. ആകെയുള്ള വരവും ചെലവുമാണ് പറഞ്ഞതു്. ചെലവുകഴിച്ചു ബാക്കി നാലായിരത്തിൽ ചില്വാനം ഉറപ്പിക ലാഭമുണ്ട്.

ശ്രീ. സി. സി. പ്രസാദ്: ഗവർമ്മെൻറ് നേരിട്ടു മത്സ്യം പിടിക്കുന്നതിനു വേണ്ടിവന്ന തുകയാണോ ഇവിടെ പറഞ്ഞതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഗവർമ്മെൻറ് നേരിട്ടു മത്സ്യംപിടിക്കുന്ന കാര്യമല്ല പറഞ്ഞതു്. അതിനെ സംബന്ധിച്ചു് അറിയുവാൻ പാടില്ലാത്തതുകൊണ്ടാണു് ഇങ്ങിനെ ചോദ്യങ്ങൾ ചോദിക്കുന്നതു്.

ASSIGNMENT OF LAND

*1203. [14] **Sri. M. I. Paul:** Will the Hon'ble Minister for Land be pleased to state.—

(*a*) how many applications have been received by the Government for the land assignment in the coastal areas of the Vypeen Island;

(*b*) what is the policy of the Government in the land assignment in the coastal area of the Vypeen Island if any?

Minister for Law, Finance and Revenue **(Sri. A. J. John):**

(*a*) There have been several applications. The exact number has not been ascertained as the applications are under reference to different offices and the information could not be collected.

(*b*) It is reported that the lands are not fit for paddy cultivation and that they are required for the following purposes:—

(*i*) Grants to ex-service men.

(*ii*) Grant of house sites to those rendered houseless on account of the acquisition of lands in the Vypeen-Pallipuram road.

(*c*) Fish Farming.

(*d*) Salt manufacture.

The requirements of these different purposes are being examined.

ശ്രീ. എം. ഐ. പോൾ: നെൽകൃഷിക്കൊ മററുതരത്തിൽ കൃഷിക്കൊ ഉപയോഗപ്പെടാത്ത സ്ഥലങ്ങൾ ഉള്ളതു് താമസ സൗകര്യത്തിനായി പതിച്ചുകൊടുക്കാൻ ഗവർമ്മെൻറിനു് ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ: ബഹുമാനപ്പെട്ട മെമ്പറിൻെറ ചോദ്യത്തിൽ ബി ക്കുള്ള ഉത്തരത്തിൽ ഞാൻ മറുപടി പറഞ്ഞിട്ടുണ്ടു്.

SALT WORKERS

*1204. [15] **Sri. M. I. Paul:** Will the Hon'ble Minister for Labour be pleased to state.—

(*a*) is it a fact that the salt workers of Malipuram Government Salt Depot are now without work, if so what remedy that the Government intend to make in this matter;

(*b*) whether these workers have approached the Government for a few cents of land to be assigned to each of them, if so what action has been taken in this matter?

Chief Minister **(Sri. C. Kesavan):**

(*a*) No.

(*b*) Yes. Since lands previously leased out to the workers were transferred by them to others and since the lessees did not conform to the terms of the leases their request was declined.

ശ്രീ. എം. ഐ. പോൾ: എൻെറ ചോദ്യത്തിൽ എ.ക്കു വേണ്ടി പറഞ്ഞ മറുപടിയിൽ സാൽട്ടു് ഡിപ്പോയിലെ ജോലിക്കാർക്കു് ജോലിക്കു കുറവില്ലെന്നാണോ ഗവർമ്മെൻറു് ധരിച്ചിരിക്കുന്നതു്?

ശ്രീ. സി. കേശവൻ: ജോലി എല്ലാവർക്കും ഉണ്ടെന്നുതന്നെയാണു് ഗവർമ്മെൻറു് ധരിച്ചിരിക്കുന്നതു്.

ശ്രീ. എം. ഐ. പോൾ : ഞാൻ ചോദിക്കുന്നതു് ഗവർമ്മെൻറിൻെറ കീഴിൽ ജോലിചെയ്യുന്ന ജോലിക്കാർക്കു് മുടക്കംവരാതെ ജോലി കൊടുക്കുന്നുണ്ടോ എന്നാണു് ?

ശ്രീ. സി. കേശവൻ : അതിനുത്തരംതന്നെയാണു് ഞാൻ മുൻപു പറഞ്ഞതു്.

ശ്രീ. എം. ഐ. പോൾ : ഗവമ്മെൻറു് ധരിച്ചിരിക്കുന്ന വിധം ജോലി അവർക്കു് അവിടെയില്ലെന്നുള്ളതു് ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ ?

ശ്രീ. സി. കേശവൻ : ബഹു. മെമ്പർ അങ്ങനെ പറയുകയാണെങ്കിൽ അതിനെപ്പററി ആലോചിക്കുന്നതായിരിക്കും.

ശ്രീ. എ. കെ. പാച്ചുപിള്ള : മാലിപ്പുറത്തെ ഉപ്പു പ്രവർത്തനം പാട്ടം കൊടുത്തിരിക്കുകയല്ലേ ?

ശ്രീ. സി. കേശവൻ : അതേ.

ശ്രീ. എ. കെ. പാച്ചുപിള്ള : ഏതു പാട്ടക്കാരനാണെന്നു് പറയാമോ?

ശ്രീ. സി. കേശവൻ : അയാളുടെ പേരു് പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. എം. ഐ. പോൾ : സാധുക്കളായ ഈ ജോലിക്കാർക്കു് കുറച്ചു സ്ഥലമെങ്കിലും പതിച്ചുകൊടുക്കാൻ ഗവർമ്മെൻറിനു ദയവുണ്ടാകുമോ ?

ശ്രീ. സി. കേശവൻ : ആ കാര്യം ഈ ചോദ്യത്തിൻെറ മറുപടിയിൽ പറഞ്ഞിട്ടുണ്ടു്.

CEMENT

***1205. [17] Sri. E. P. Poulose :** Will the Hon'ble Minister for Industries be pleased to state.—

(*a*) the total quantity of cement produced in Travancore-Cochin during the year 1950-51 ;

(*b*) whether the import of cement from outside the State is prohibited altogether or restricted to any extent at present ; and

(*c*) if so the reasons for the same ?

Minister for Education, Food and Labour **(Sri. T. K. Narayana Pillai) :**

(*a*) The actual production in 1950—51 may be about 48,000 tons.

(*b*) The import is not prohibited but is subject to certain restrictions under the Cement Control Order of 1124.

(*c*) Because cement is an essential commodity.

ശ്രീ. ഇ. പി. പൌലോസു് : ഈ സ്റ്റേററിലേക്കു് ആവശ്യമുള്ള സിമൻറു് ഇവിടെയുണ്ടാക്കാൻ സാധിക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : സംസ്ഥാനത്തെ പൊതുജനങ്ങളുടെ ആവശ്യത്തിനുവേണ്ടിയുള്ള സിമൻറു തന്നെയും ഇവിടെയുണ്ടാക്കാൻ സാധിക്കുന്നില്ല. ഇതിനുംപുറമെ ഗവമ്മെൻറിനു കൂടുതൽ സിമൻറു ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ തിരുനൽവേലിയിൽനിന്നുമാണു് ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നതു്.

ശ്രീ. ഇ. പി. പൌലോസു് : വെളിയിൽനിന്നും വരുത്തുന്ന സിമൻറിനും ഇവിടെയുണ്ടാക്കുന്ന സിമൻറിനും തമ്മിൽ വിലക്കൂടുതൽ ഏതിനാണു് ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇവിടെയുണ്ടാക്കുന്ന സിമൻറിനു അല്പം വിലക്കൂടുതലാണു്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: സിമൻറിനെ സംബന്ധിച്ചിടത്തോളം ചില നിയന്ത്രണം ഉണ്ടെന്നു പറയുന്നു, ആ നിയന്ത്രണം എന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി ചില റെസ്ട്രിക്ഷൻ ഉള്ളതു് എങ്ങനെയാണെന്നു് ഞാൻ വായിക്കാം.

"Under the Cement Procurement and Distributton Control Order, 1124 import is restricted. Under Rule 3 no person shall acquire or agree to acquire any cement from a producer or stock holder except under the authority and in accordance with ihe conditions contained or incorporated in a general or special written order of the Controller. According to the cement distribution rules clause (4) no person can possess or transport cement within the State unless he had procured a certificate under the rules."

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ നിയന്ത്രണം ഉള്ളതുകൊണ്ടു് വെളിയിൽനിന്നും കുറഞ്ഞ വിലയ്ക്കു് സിമൻറ കൊണ്ടുവന്നു വിതരണം ചെയ്യാൻ സാധിക്കുന്നില്ലായെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില കാര്യങ്ങളിൽ അങ്ങനെ സാധിക്കുന്നില്ലായെന്നു് അറിയാം.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: വെളിയിൽനിന്നും ഇറക്കുമതി ചെയ്യുന്ന സിമൻറിനു വില കുറവും ഇവിടെ ഉണ്ടാക്കുന്ന സിമൻറിനു വില കൂടുതലും വന്നതിൻെറ കാരണമെന്താണെന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇവിടത്തെ സിമൻറ വ്യവസായത്തെ രക്ഷിക്കുന്നതിനുവേണ്ടിയാണു് വില അല്പം കൂട്ടിയിട്ടുള്ളതും ഇറക്കുമതിയെ നിയന്ത്രിച്ചിട്ടുള്ളതും.

Sri. P. Balakrishnan Tampi: May I know who the Cement Controller is?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പററി എനിക്കു് നിശ്ചയമായിട്ടു് പറയാൻ നിവൃത്തിയില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: കോട്ടയത്തു് വേറൊരു കൺട്രോളറെ നിയമിച്ചിട്ടുള്ളതായി ഗവൺമെൻറിനറിഞ്ഞുകൂടേ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

Sri. P. Balakrishnan Tampi: Is the Manager of the Cement Factory the Cement Controller also?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് എനിക്കറിഞ്ഞുകൂടാ.

Sri. K. P. Nilakanta Pillai: What is the dividend declared last year?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ കാര്യത്തെപ്പററി മുൻപുതന്നെ ഈ സഭയിൽ പ്രസ്താവിച്ചിട്ടുള്ളതാണു്.

ശ്രീ. എ. താണുപിള്ള: ഇവിടെ ഉണ്ടാക്കുന്ന സിമൻറിനും പുറമെനിന്നും വരുത്തുന്ന സിമൻറിനും തമ്മിലുള്ള വില വ്യത്യാസമെത്രയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: മൂന്നണയുടെ വത്യാസമുണ്ടു്.. ഈ വ്യത്യാസം ഉണ്ടായതിൻെറ കാരണം ഇവീടത്തെ സിമൻറ് വ്യവസായത്തെ സംരക്ഷിക്കാൻവേണ്ടിയാണു്.

Sri. P. S. Nataraja Pillai: May I know whether permission was given to export any quantity of cement.

Sri T. K. Narayana Pillai: Now it is not exported. Two or three months before permission to export was given. അങ്ങനെ അല്ലെങ്കിൽ ഈ വ്യവസായത്തിനു സാരമായ ക്ഷീണം സംഭവിക്കും.

ശ്രീ. എ. കെ പാച്ചുപിള്ള: സിമിൻറ് സ്റ്റാക്കുചെയ്തിരിക്കുന്നവർ കൂടുതൽ വിലക്കാണ് പൊതുജനങ്ങൾക്കു വില്ക്കുന്നതു് എന്നു ഗവമ്മെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണ പിള്ള: അറിഞ്ഞുകൂടാ.

ശ്രീ. ആർ. ശങ്കർ: ഒരു മാസത്തേക്കു സംസ്ഥാനത്തെ ആവശ്യത്തിനു ശരാശരി എത്ര ടൺ സിമൻറു വേണമെന്നു ഒരു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണ പിള്ള: ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി ഒരു മാസത്തിൽ ൫,൦൦൦ ടൺ സിമൻറ് വേണ്ടിവരുന്നു. ഗവമ്മെൻറിനെ സംബന്ധിച്ചിടത്തോളം ചിലപ്പോൾ കൂടുതലും ആവശ്യമുണ്ട്.

ശ്രീ. ആർ. ശങ്കർ: ഗവമ്മെൻറും പൊതുജനങ്ങളുമായി ഉപയോഗിക്കുന്നു എത്ര ടൺ സിമൻറാണെന്നു കണക്കെടുത്തിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണ പിള്ള: ശരിയായ കണക്കെടുക്കാൻ സാധിച്ചിട്ടില്ല. കാരണം ചാലക്കുടി, പീച്ചി മുതലായ സ്കീമുകൾക്കു ചിലപ്പോൾ സിമൻറ് വളരെ കൂടുതൽ ആവശ്യപ്പെട്ടേക്കും. ചിലപ്പോൾ കുറവായിട്ടും ആവശ്യപ്പെട്ടേക്കും. അതുകൊണ്ടു നിശ്ചിതമായ ഒരു കണക്കെടുക്കാൻ സാധിച്ചിട്ടില്ല.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: ഇങ്ങനെ പ്രൊട്ടക്ഷൻ വച്ചിരിക്കുന്നതു കമ്പനിക്കാർക്കുവേണ്ടിയോ അതോ ഉപഭോക്താക്കൾക്കു വേണ്ടിയോ?

ശ്രീ. ടി. കെ. നാരായണ പിള്ള: വ്യവസായത്തിൻെറ രക്ഷക്കുവേണ്ടിയാണ്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: അല്ലാതെ വ്യവസായികളുടെ നന്മയെ ഉദ്ദേശിച്ചല്ലെന്നാണോ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: വ്യവസായത്തിൻെറ നിലനില്പിനുവേണ്ടിയാണ്.

Sri. P. Balakrishnan Tampi: Are not the Government imposing a nominal royalty for the lime shell?

ശ്രീ. ടി. കെ. നാരായണ പിള്ള: മദ്രാസിൽ ലൈം സ്റ്റോണിന്നു ൬ പൈസയുള്ളപ്പോൾ ഇവിടെ ൧൨ അണ വച്ചാണ് വില്ക്കുന്നതു്. എന്നാൽ ഈ പരാതി മാത്രമല്ല വേറൊരു പരാതികൂടെ ഉണ്ടായിട്ടുണ്ട്. ഡ്റജറിൻെറ വിലക്കൂടുതൽ നിമിത്തം ഉണ്ടായിട്ടുള്ള പരാതിയാണ് അതു്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: ബഹുമാനപ്പെട്ട മന്ത്രി പറയുന്നതു അബദ്ധമാണെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണ പിള്ള: ഞാൻ പറഞ്ഞതല്ലാ അബദ്ധം, മെമ്പർ പറഞ്ഞതാണ്, ആപാദചൂഡം തെററാണ്.

ശ്രീ. എ. താണു പിള്ള: ലൈം സ്റ്റോൺ, ലൈം ഷെൽ ഇവയിൽ ഏതാണ് നല്ലതു്?

ശ്രീ. ടി. കെ. നാരായണ പിള്ള: ലൈം സ്റ്റോൺ ആണ് നല്ലതു്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: ലൈം സ്റ്റോണിനു ൧൨ അണ വിലയുണ്ടെന്നു പറഞ്ഞതു കള്ളമാണെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണ പിള്ള: വിലയില്ലെന്നു വിചാരിക്കുന്നുവെങ്കിൽ അതാണ് കള്ളം.

LIFT IRRIGATION

***1206.** [18] **Sri. E. P. Poulose :** Will the Hon'ble Minister for Agriculture and Food Production be pleased to state.—

(*a*) whether representations have been received from the public of Ramamangalam, Onakoor and Kakoor karas of Muvattupuzha taluk to extend the Ramamangalam lift irrigation scheme to benefit the lands on either side of the Uzhavoor thodu in Muvattupuzha taluk; and

(*b*) if so, what action has been taken on it ?

Minister for Education, Food and Labour **(Sri. T. K. Narayana Pillai) :**

(*a*) No. It appears that the Food Production Board has received a representation.

(*b*) The Food Production Board has not passed any final orders.

LEMON GRASS OIL

***1207.** [19] **Sri. E. P. Poulose :** Will the Hon'ble Minister for Industries be pleased to state.—

(*a*) the total quantity of Lemon Grass Oil exported from Travancore-Cochin in 1950-1951 ;

(*b*) the countries to which it was exported ;

(*c*) the average price per dozen bottles of lemon grass oil in the years 1948-1949 and 1950 ;

(*d*) the lowest price per dozen bottles during these years ; and

(*e*) the highest price during the same period ?

Minister for Education, Food and Labour **(Sri. T. K. Narayana Pillai) :**

(*a*) It is seen that 4480 pounds of oil was exported.

(*b*) Out of this 520 gallons was exported to U. K.

The information regarding the other questions is being collected.

Point of order re. Kammalas

ശ്രീ. കെ. രാമകൃഷ്ണൻ ആശാരി: സർ, കഴിഞ്ഞ ദിവസം ബഹു. മെമ്പർ മി. പി. ററി. ചാക്കോ ഈ സഭയിൽ "കട്ടുറുമ്പിനും കമ്മാളർക്കും ജീവിക്കാവുന്ന ഈ രാജ്യത്തു കത്തോലിക്കർക്കു എന്തുകൊണ്ടു ജീവിക്കാൻ പാടില്ലാ"യെന്നു ചോദിക്കുകയുണ്ടായി. അതു ഒരാക്ഷേപകരമായ പ്രസ്താവനയാണ്. അങ്ങനെയൊരു പ്രസ്താവന ചെയ്യാമോ ?

മി. സ്പീക്കർ: ആ പ്രസ്താവന പുറപ്പെടുവിച്ചപ്പോൾതന്നെ അതു ആക്ഷേപകരമല്ലേ എന്നുള്ള ചോദ്യം ഉന്നയിക്കേണ്ടതായിരുന്നു. ഏതായാലും ഇപ്പോൾ ആ പ്രശ്നം വന്നിരിക്കുന്നതുകൊണ്ടു അതു തീരുമാനിക്കാം. ആ പ്രസ്താവനയിൽ ആക്ഷേപകരമായി ഒന്നും ഉള്ളതായി തോന്നുന്നില്ല. ആ പ്രസ്താവനതന്നെ ഒരു പഴഞ്ചൊല്ലിന്റെ രൂപത്തിലാണ് കാണുന്നതു്. ഒന്നു തീരെ താണ സ്ഥാനവും മറേറതു വളരെ ഉന്നതസ്ഥാനവും അർഹിക്കുന്നവരും വളരെ വ്യത്യസ്ഥങ്ങളായ പ്രവർത്തന രീതികൾ അവലംബിച്ചു ജീവിതം നയിക്കുന്നവരുമായ രണ്ടു തരം ജീവികളെ ഉൾക്കൊള്ളിച്ചിരിക്കുന്നതുകൊണ്ടാണ് ആ പ്രസ്താവന അർത്ഥവത്താകുന്നതു്. കട്ടുറുമ്പ് സ്വന്ത ഉപയോഗത്തിനു ഭൂമിക്കടിയിൽ മാളങ്ങളോ മററോ ഉണ്ടാക്കി അതിൽ താമസിക്കുന്നു. വളരെ ചെറിയ ജീവി തന്നെയെങ്കിലും വല്യജീവികൾക്ക് അല്പമായിട്ടെങ്കിലും വേദനയുണ്ടാക്കുന്നതിനു സാമർത്ഥ്യവും അങ്ങിനെ തന്റെ പ്രവൃത്തികൊണ്ടു തനിക്കു ഉപകാരമൊന്നുമില്ലെങ്കിലും മററുള്ളവർക്കു ഉപദ്രവം നേരിടുവിക്കുന്നതിനു വാസനയും ഉള്ള ഒരു ജീവിയാണ് കട്ടുറുമ്പ്. എന്നാൽ വല്യവർക്കും ചെറിയവർക്കും താമസത്തിനു വേണ്ട കെട്ടിട

ങ്ങൾ, അവയിൽ ഉപയോഗിക്കുന്നതിനുള്ള സാധനസാമഗ്രികൾ മുതലായവ നിർമ്മിച്ചും മററും പ്രതിഫലം കരുതാതെയെങ്കിലും അന്യന്മാരുടെ സുഖസൗകര്യങ്ങളെ ഉദ്ദേശിച്ചുള്ള പ്രവൃത്തി ജീവിതവൃത്തിയായി എടുത്തിട്ടുള്ളവരും അതിലേക്ക വേണ്ട വാസനയും ബുദ്ധിശക്തിയും പരിശീലനവും ഉള്ളവരുമാണ് കമ്മാളർ. കമ്മാളരേയും കട്ടുറുമ്പിനേയും താരതമ്യപ്പെടുത്തി പ്രസ്താവനയിൽ പറഞ്ഞിരിക്കുന്നതു കമ്മാളർക്ക ആക്ഷേപകരമല്ലെന്നു വ്യക്തമാണ്.

ADJOURNMENT MOTION RE-ACTION BY THE MALABAR POLICE

Sri. A. K. George: Sir, on a point of information. I would like to know what has happened to the adjournment motion raised to discuss an important matter, namely the action of the Malabar Police. I want to know whether it is to be allowed.

Mr. Speaker: I believe information was asked for from the Minister concerned about the facts. On the basis of the information supplied it appeared that there was no necessity then to discuss the matter as an adjournment motion. I understand further enquiries are being made.

Sri. A. K. George: Sir, I heard that this Government are in correspondence with the Madras Government on the matter. I would like to know whether any further information has been obtained through this correspondence. If it is to be allowed to be taken into consideration it must be done within two days.

Mr. Speaker: I shall call for more detailed information which when obtained will be placed before the House.

Point of Order re. news in the Indian Express about Prorogation of the Assembly

ശ്രീ. സി. സി. പ്രസാദ്: സർ, ഒരു പോയൻറ് ഓഫ് ഓർഡർ ഇന്നലത്തെ എക്സ്പ്രസ്സ് പത്രത്തിൽ മേയ് ൧൫-ാം തീയതിക്ക മുൻപ് ഇവിടത്തെ നിയമസഭ പിരിച്ചുവിടുമെന്നും അതിനുശേഷം ഇവിടെ ഉണ്ടായിരിക്കുന്നതു് ഒരു കെയർ ടേക്കർ ഗവൺമെൻറായിരിക്കുമെന്നും പ്രസ്താവിച്ചിട്ടുണ്ട്. അതു ശരിയാണോയെന്നറിഞ്ഞാൽ കൊള്ളാം.

മി. സ്പീക്കർ: അതു് ചോദ്യമായിട്ടുതന്നെ ചോദിക്കാൻ പാടില്ലാത്തതാണ്. മാത്രമല്ല, പത്രങ്ങളിൽനിന്നു ലഭിക്കുന്ന വിവരങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാമെന്നുള്ളതല്ലാതെ അവയിലെ അഭിപ്രായങ്ങൾ ശരിയാണോ എന്നു ചോദിക്കാൻ പാടില്ല.

ശ്രീ. സി. സി. പ്രസാദ്: ഞാൻ ശരിയാണോയെന്നല്ല ചോദിച്ചതു്; അതിൽ വല്ല യാഥാർത്ഥ്യവും ഉണ്ടോ എന്നാണ് ചോദിച്ചതു്.

മി. സ്പീക്കർ: രണ്ടും ഒന്നുതന്നെ

The Cochin Co-operative Land Mortgage Bank Act (Amendment) Bill

Sri. K. I. Velayudhan: Sir, I move that the Cochin Co-operative Land Mortgage Bank Act (Amendment) Bill, be taken up for consideration. The Cochin Co-operative Land Mortgage Bank Act XXV of 1111 extends to the whole of erstwhile Cochin State. At present the activities of the Cochin Co-operative Land Mortgage Bank is throughout Cochin Area. Recently Parur and Kunnathunad taluks have been included in the Trichur District. The object of the Bill is to extend the activities of the Land Mortgage Bank to the whole of Trichur District, comprising

the taluks, namely, Chittur, Talapally, Mukundapuram, Cranganur, Parur, Kunnathunad and Cochin-Kanayannur. Therefore I request that this Bill may be taken up for consideration at once.

Sri. M. I. Paul: I second it.

Mr. Speaker: This Bill has only two Sections. There is already a Cochin Co-operative Land Mortgage Bank Act XXV of 1111 in force extending to the whole of erstwhile Cochin State. Recently Kunnathunad and Parur taluks have been included in the Trichur District. The present Bill says that it should be extended to these taluks as well.

Sri. A. Thanu Pillai: Sir, we should like to know what the Government intends to do on the matter.

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ)

തിരുവിതാംകൂർ സ്റ്റേററു മുഴുവനും ബാധിക്കുന്ന ട്രാവൻകൂർ ക്രെഡിററു ബേങ്ക് ആക്ട് എന്നു പറയുന്ന ഒരു ആക്ട് ഇപ്പോൾ ഉണ്ട്. കുന്നത്തൂർ, പറവൂർ ഈ താലൂക്കുകൾ ഈ ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. കൊച്ചിൻ കോവാപ്പറേററീവ് ലാൻറു മാർട്ടുഗേജ് ബാങ്കിന്റെ പരിധിയിൽ പഴയ കൊച്ചി സംസ്ഥാനം മാത്രമാണ്. ഇപ്പോഴത്തെ ബില്ലിന്റെ ഉദ്ദേശം ഇപ്പോൾ തൃശ്ശൂർ ഡിസ്ത്രിക്ടായി ക്ലിപ്തപ്പെടുത്തിയിരിക്കുന്ന കുന്നത്തൂർ, പറവൂർഈ താലൂക്കുകളും ഇതിന്റെ പരിധിയിൽ പെടുത്തണമെന്നാണ്. എനിക്കു പറയുവാനുള്ളതു ഈ സംഗതിയെപ്പററി ഒരവസാനതീരുമാനമെടുക്കുന്നതു ഇപ്പോൾ ശരിയായിരിക്കുകയില്ലെന്നാണ്. അതിനുള്ള കാരണം റൂറൽ ബാങ്കിംഗ് എൻക്വയറി കമ്മിററിയുടെ റിപ്പോർട്ടു ഇൻഡ്യാ ഗവൺമെൻറിൽ സമർപ്പിച്ച് അതിനെപ്പററി ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യൻ കമ്പനി ആക്ട് ഈ സ്റ്റേററിനേയും ബാധിക്കുന്നതാണ്. ആ സ്ഥിതിക്കു നാം ഇപ്പോൾ ഒരു ഭേദഗതി അംഗീകരിക്കുന്നതു ശരിയായിരിക്കുമോയെന്നു എനിക്കു സംശയമുണ്ട്. അതിനാൽ എനിക്കു പറയുവാനുള്ളത്, ഇതു ഉടൻതന്നെ ഒരു സെലക്ട് കമ്മററിക്കു അയക്കണമെന്നാണ്.

Sri. P. Balakrishnan Tampi: Sir, I wish to speak a word. As far as I am aware, the Cochin Co-operative Land Mortgage Bank is a well-conducted Bank and now the territorial re-adjustments have been made without any inconvenience to those two taluks, Kunnathunad and Parur. They could be brought within the sphere of operation of this Bill. As it is, to-day, there is scope for many more such Banks being functioning in the state. My feeling is that these two taluks are not getting the advantage of such a Bank which is situated so very near to that place. Without any objection from financial or economic or political point of view, it may be allowed. The Hon'ble Minister said that this is a central subject. But I do not think that there is any very serious objection from that point of view. These are of a particular statute, and banking companies come under another category altogether. It is not wise for us to wait for legislation on the matter pending the decision of the Central legislature about it. No harm is going to come about if we include those two taluks also by amending the existing Act. Therefore I second the motion of my friend Mr. K. I. Velayudhan.

ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി: സർ, കുന്നത്തുനാട്, പാവൂർ എന്നീ താലൂക്കുകളിലേക്കുകൂടി മോർട്ടുഗേജു ബാങ്കിന്റെ വ്യാപ്തി വധിപ്പിക്കണമെന്നാണ് ഈ ബില്ലുകൊണ്ടു ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു. ധനകാര്യമന്ത്രി അവർകൾ പ്രസ്താവിച്ച പ്രകാരം ബിൽ അംഗീകരിച്ചു ഒരു സെലക്ട് കമ്മിററിക്കു അയച്ചുകൊടുക്കുന്നതു പ്രസ്തുത താലൂക്കുകളിലെ പൊതുജനങ്ങൾക്കു ഉപയോഗപ്രദ

[Sri. T. T. Kesava Sastri]

മായിരിക്കുമെന്നുള്ള വസ്തുത ബഹുമാനപ്പെട്ട ഈ സഭയെ ഓർമിപ്പിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: ക്രെഡിററ് ബാങ്ക് നിയമം അനുസരിച്ചു കുന്നത്തുനാട്ട്, പറവൂർ ഈ താലൂക്കുകളിൽ പലക്കും പണം കടം കൊടുത്തിട്ടില്ലേ? അങ്ങിനെയാണെങ്കിൽ ഈ ബില്ല് പാസ്സായാൽ ഒരേ സമയത്ത് രണ്ടു നിയമം അനുസരിച്ചു പ്രവർത്തിക്കേണ്ടിവരികയും, തൻമൂലം കുഴപ്പം ഉണ്ടാകുന്നതിനു ഇടവരികയും ചെയ്യുകയില്ലേ? (ഉത്തരം ഇല്ല.)

Mr. Speaker: The amendment moved by the Finance Minister that the Bill may be referred to a Select Committee is before the House. If any hon'ble Member wishes to speak with special reference to the amendment, he may do so.

Sri. D. Gnanasigamoni: Now we are told that the Cochin Co-operative Land Mortgage Bank Act extends to the whole of erstwhile Cochin State only. The object of this Bill is to extend the Land Mortgage Bank Act to the whole of Trichur District. Now Parur and Kunnathunad taluks which originally belonged to erstwhile Travancore area have now been included in the Trichur district. The hon'ble Minister for Finance has said that the Credit Bank Act is in force in these taluks. So if the proposed amendment is passed it evidently means that the two Acts i. e. the Travancore Credit Bank Act and the Cochin Co-operative Land Mortgage Bank Act will be in force in the Parur and Kunnathunad taluks. That will create some conflict and in order to avoid any such possible conflicts it is necessary that this Amendment Bill be referred to a Select Committee.

സാഹിബ് ബഹദൂർ കെ. എ. മഹമ്മദ്: ഈ ആക്ട് അമൻഡ് ചെയ്യുന്നതിനു സെൻട്രൽ ഗവർമ്മെൻറിൻെറ അനുവാദം വേണ്ടേ?

ശ്രീ. എ. ജെ. ജോൺ: വേണ്ടെന്നാണ് തോന്നുന്നത്.

Sri. A. Thanu Pillai: The Bill may be referred to a Select Committee. The Finance Minister is not certain as to whether it is clearly within our province, or whether the Government of India should be consulted. So legal opinion may be sought for, and hence the Bill may be referred to a Select Committee.

The motion that the Bill be referred to a Select Committee was put and carried

Sri. P. Balakrishnan Tampi: I demand a poll, Sir.

A poll was taken when the House divided as follows: –

Ayes—48

1. Sry. Accamma Cherian
2. Sri. R. Atchuthan
3. Sri. P. C. Adichan
4. Sri. Albert Lopez
5. Sri. S. Ambrose
6. Sry. Annie Joseph
7. Sri. Krishnan Ayyappan
8. Sri. N. V. Chacko
9. Sri. G. Chandrsekhara Pillai
10. Sahib Bahadur Cheladi Rowther
11. Sri. Eapen Arackal
12. Sri. A. Eswara Pillai
13. Sri. K. R. Elankath
14. Sri. P. C. George
15. Sri. D. Gnanasigamoni
16. Sri. P. Gopalan
17. Sri. M. Govindan
18. Sri. Ittiera Ambooken
19. Hon'ble Sri. A. J. John
20. Sri. A. V. Joseph
21. Sri. Joseph Mathen
22. Sri. K. K. Kannan
23. Hon'ble Sri. C. Kesavan
24. Sri. T. T. Kesavan Sastri
25. Sri. K. M. Korah
26. Sri. N. K. Krishna Pillai
27. Sri. P. Kunjukrishnan
28. Sri. V. Madhavan

29. Sri. K. A. Mathew
30. Sri. A. P. Nambiar
31. Hon'ble Sri. T. K. Narayana Pillai
32. Sri. P. S. Nataraja Pillai
33. Sri. K. P. Nilakanta Pillai
34. Sri. Mannath Padmanabha Pillai
35. Sri. C. C. Prasad
36. Sri. A. K. Patchu Pillai
37. Sri. Paul Thaliat
38. Sri. K. Ramakrishna Pillai
39. Sri. M. Raman Pillai
40. Sri. Raphel J. Rodriguez
41. Sri. R. Sankar
42. Sri. Pandavathu Sankara Pillai
43. Sri. K. Sekhara Panicker
44. Sri. A. P. Sivaramakrishnan
45. Sri. Ponnara G. Sreedhar
46. Sri. A. Thanu Pillai
47. Sri. M. Varkey
41. Sri. Kalathil Velayudhan Nayar

Noes—9

1. Sri. T. M. Sannalan
2. Sri. K. I. Velayudhan
3. Sri. M. I. Paul
4. Sri. G. P. Neelakanta Pillai
5. Sri. P. Balakrishnan Tampi
6. Sri. A. P. Udayabhanu
7. Sri. K. T. Atchutan
8. Sri. Mankuzhi M. Madhavan
9. Sri. Alexander Parambithara

Neutrals—7

1. Sahib Bahadur T. A. Moideen Kunju
2. Sri. N. Neelakantaru Pandarathil
3. Sri. P. K. Kumaran Achari
4. Sri. S. Neelakanta Aiyar
5. Sry. Devaki Gopidas
6. Sahib Bahadur K. A. Mohammad
7. Sri. P. Nanoo

Sri. K. I. Velayudhan : I am proposing the names of the Select Committee members. They are:—

1. Sri. A. Thanu Pillai
2. Sri. Kalathil Velayudhan Nayar
3. Sri. Paul Taliath
4. Sri. M. Varkey
5. Sri. K. T. Achuthan
6. Sri. M. I. Paul
7. Sri. D. Gnanasigamoni
8. Sri. K. I. Velayudhan and
9. The Law Minister.

The quorum will be four.

ശ്രീ. പി. നാണു: സെലക്ട് കമ്മിററിക്കു പോകണമെന്നുള്ള മോഷനും അതിൽ ഏതാനംപേർ അംഗങ്ങളായിരിക്കണമെന്നുള്ള മോഷനും ഒന്നാണോ രണ്ടാണോ?

മിസ്റ്റർ സ്പീക്കർ: അതിൽ സംശയത്തിനിടയില്ലല്ലോ. പേരുകൾകൂടി പറഞ്ഞാലെ മോഷൻ പൂർത്തിയാകയുള്ളൂ.

ശ്രീ. പി. നാണു: ഒരു മോഷനാണെങ്കിൽ അതിൽ കുറെഭാഗം ബഹുമാനപ്പെട്ട മന്ത്രിയും കുറെ ഭാഗം ബില്ലിന്റെ മൂവറുമാണ് മൂവു ചെയ്തതു്.

മിസ്റ്റർ സ്പീക്കർ: സെലക്ട് കമ്മിററിക്കു അയയ്ക്കണമെന്നുണ്ടെങ്കിൽ അതിൽ ഇന്നാരെല്ലാം വേണമെന്നു പറയുന്നതിനുള്ള അധികാരം ബില്ല് മൂവ് ചെയ്ത മെമ്പർക്കുണ്ട്.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: "ഒന്നായ മോഷനെ, രണ്ടായി കണ്ടളവിലുണ്ടായൊരിണ്ടൽ" തീർക്കേണ്ടതല്ലേ?

മിസ്റ്റർ സ്പീക്കർ: അമൻഡ്മെണ്ട് മൂവർ സ്വീകരിച്ചിരിക്കുകയാണ്.

The question is that the Cochin Co-operative Land Mortgage Bank Act (Amendment) Bill be refered to a Select Committee Consisting of:—

1. Sri. A. Thanu Pillai
2. „ Kalathil Velayudhan Nayar

3. Sri Paul Thaliath
4. ,, M. Varkey
5. ,, K. T. Achuthan
6. ,, M. I. Paul
7. ,, D. Gnanasigamoni
8. ,, K. I. Velayudhan and
9. ,, The Law Minister

the quorum being four.

The motion was adopted.

The Travancore-Cochin Women's Fundamental Right to Property Bill

Mr. Speaker: The next item in the agenda, is Sry. Annie Joseph's motion for leave to introduce the Travancore-Cochin Women's Fundamental Right to Property Bill.

ശ്രീമതി ആനി ജോസഫ്: സർ, എന്റെ പേരിൽ കൊണ്ടുവന്നിരിക്കുന്ന ഈ ബിൽ അവതരിപ്പിക്കുവാൻ അനുവാദം ചോദിക്കുന്നതിന് ഒരു സാങ്കേതികമായ തടസ്സം നേരിട്ടിട്ടുണ്ട്. കാരണം ഇന്നലെ മുതൽ സെൻട്രൽ ഗവർമ്മെന്റ് പാസ്സാക്കിയിട്ടുള്ളതായ ഇൻഡ്യൻ സക്സഷൻ ആക്ട് അനുസരിച്ച് സ്ത്രീകൾക്കും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സ്വത്തിനു ഒപ്പം അവകാശം ഉണ്ടെന്നുവന്നിരിക്കുന്നു.

ശ്രീ. എ. താണുപിള്ള: അതെങ്ങിനെയാണ്? ഇൻഡ്യൻ സക്സഷൻ ആക്ടുമൂലം ഇവിടെ കിട്ടുമോ?

ശ്രീമതി ആനി ജോസഫ്: ഇൻഡ്യൻ സക്സഷൻ ആക്ടിൽ പറഞ്ഞിരിക്കുന്നതു്:

"Where the intestate has left surviving him a child or children, but no more remote lineal descendant through a deceased child, the property shall belong to his surviving child, if there is only one, or shall be equally divided among all his surviving children".

Comment

"Children's share: Where a person dies intestate the property of the intestate shall be distributed thus:

(*a*) 1/3rd of the property is to be given to the widow or husband, as the case may be, and (*b*) the remaining 2/3 rds is to be given to the child if there is only one, or is to be divided equally between all the children if there are more than one. Neither the age nor the sex of the children is to be taken into consideration but the property must be distributed evenly as if all were of the same sex and age", എന്നാണ്. ഇൻഡ്യൻ സക്സഷൻ ആക്ടനുസരിച്ച് ക്രിസ്ത്യൻസിനു ഇതു് പ്രത്യേകമായി ബാധിക്കുന്ന ഒരു വകുപ്പായിട്ടുവരും. അതിനുവേണ്ടിത്തന്നെയാണ് ഈ ബിൽ ഇവിടെ കൊണ്ടുവരണമെന്നു ഞാൻ ഉദ്ദേശിച്ചതു്. ഈ ആക്ടിലെ വ്യവസ്ഥകൾ, ഈ ഗവർമ്മെണ്ടിനെ ഏതുവിധത്തിൽ ബാധിക്കുമെന്നു മനസ്സിലാക്കിയതിനുശേഷം, അതിന്റെ റീ ആക്ഷൻ എങ്ങിനെയെന്നറിഞ്ഞതിനുശേഷം, മതിയെന്നുള്ളതുകൊണ്ട് ഞാൻ ഇപ്പോൾ ഈ ബിൽ അവതരിപ്പിക്കുവാൻ അനുവാദം ആവശ്യപ്പെടുന്നില്ല.

Mr. Speaker: Order, order. The hon'ble Member does not propose to ask for leave for the introduction of the Bill. We will now proceed to the Resolutions.

Resolutions on Matters of General Public Interest

Mr. Speaker: The first resolution regarding the present Education policy is in the name of Sri. N. V. Chacko.

Sri. N. V. Chacko : Sir I am not moving the resolution.

Mr. Speaker : The second resolution regarding the Food Production Board is in the name of Sri. Paul Thaliath.

Sri. Paul Thaliath : I am not moving that resolution.

Mr. Speaker : The third resolution regarding the amedment to the difinition of word 'holding' in Act VIII of 1950 is in the name of Sry. Accamma Cheriyan.

Sry. Accamma Cheriyan : Sir. I am not moving that.

Mr. Speaker : Resolution regarding the movement of paddy is in the name of Sri. Eapen Arakkal.

Sri. Eapen Arakkal : Sir, I am not moving that.

Mr. Speaker : The next resolution deals with supply of yarn. It stands in the name of Sri. P. Kunjukrishnan and runs as follows:

> "This Assembly recommends to Government that immediate and effective steps be taken to provide adequate supply of yarn to the weavers of the State".

Sri. P. S. Nataraja Pillai : Sir, that was the subject-matter of an adjournment motion, and has been discussed here already.

Mr. Speaker : Yes; the same question was discussed at length by means of an adjournment motion. I wish to know whether the hon'ble Member desires to move the resolution.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: സർ, അടിയന്തിരപ്രമേയത്തെപ്പററി വാദപ്രതിവാദം നടന്നുകഴിഞ്ഞതിന്റെ ശേഷം യാതൊരു വ്യത്യാസവും ഉണ്ടായിട്ടില്ല. അതിനുശേഷം ഗവമെന്റ് ഈ സംഗതിയിൽ എടുത്തിട്ടുള്ള നടപടി എന്താണെന്നറിയാൻ പാടില്ല. ഇന്നലെയും ഇന്നുംതന്നെ അതേസംബന്ധിച്ച് പല പരാതികളും കിട്ടിയിട്ടുണ്ട്. അതുകൊണ്ട് ഈ സംഗതിയെ സംബന്ധിച്ചു പറയത്തക്ക യാതൊരു വ്യത്യാസവും ഉണ്ടായിട്ടില്ല എന്നു മാത്രവുമല്ല, ഇതൊരു പ്രധാനപ്പെട്ട പ്രശ്നമായതുകൊണ്ട് എല്ലാ കാര്യങ്ങളും പറയുന്നതിനു ഒരവസരവും ഉണ്ടാകും.

Mr. Speaker : Does the Member wish to move the resolution?

Sri. P. Kunjukrishnan : Yes, Sir.

Sri. A. Thanu Pillai : Sir, if a matter has been decided once here, it cannot be brought up again for a certain period. There is a rule to that effect. This matter has been discussed here and talked out and therefore technically there may not be any objection. I am not quite sure, but I mention the fact simply because we should not make a mistake in regard to the ruling by the Speaker.

Sri. P. Balakrishnan Tampi: Sir, there has not been anything like a formal decision about this and like certain ayurvedic preparations, repetition is not bad. (*Laughter*).

Mr. Speaker : Has the hon'ble Minister anything to say about it?

വിദ്യാഭ്യാസവും ഭക്ഷ്യവും തൊഴിലും വകുപ്പുമന്ത്രി
(ശ്രീ. ടി. കെ. നാരായണപിള്ള): നൂലിനെ സംബന്ധിച്ചു ഗവമെന്റിനു പറയാനുള്ള സംഗതികളെല്ലാം പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. അന്ന് വാദപ്രതിവാദസമയത്തു പറഞ്ഞിട്ടുള്ളതുപോലെ ഇപ്പോഴും ഇൻഡ്യാ ഗവമെന്റുമായി എഴുത്തുകുത്തു നടന്നുകൊണ്ടിരിക്കുകയുമാണ്. ഈ വാദപ്രതിവാദം ഫലപ്രദമാക്കാൻ ഉടനെതന്നെ തീരുമാനം ചെയ്യുന്നതാണ്. ഇപ്പോൾ വാദപ്രതിവാദത്തിനൊരുങ്ങാൽതന്നെ അന്നു പറഞ്ഞിട്ടുള്ളതിൽ കൂടുതലൊന്നും പറയാനില്ല. അതു സംബന്ധിച്ച് എഴുത്തുകുത്തു നടന്നുകൊണ്ടിരിക്കുകയാണ്. ഈ വാദപ്രതിവാദം കൂടുതൽ ഫലപ്രദമാകുന്നതിനു ആവശ്യമായിട്ടുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഉടനെതന്നെ വിതരണസംപ്രദായത്തിൽ

[Sri. T. K. Narayana Pillai]

ചില മാററങ്ങൾ വരുത്തണമെന്നു ഗവമ്മെൻറ് വിചാരിക്കുന്നുണ്ട്. പിന്നെ സെൻസസ് ഏപ്രിൽ ഏഴാംതീയതിക്കുമുമ്പ് കംപ്ലീററാകുന്നതാണ്. അതിനു ശേഷം പുതിയ കാർഡനുസരിച്ച് വിതരണം ചെയ്യുന്നതാണ്. ആകെ ൩൦,൦൦൦ തറികൾ ഉണ്ടെന്നു പറഞ്ഞു. സെൻസസ് പ്രകാരം ൪൦,൦൦൦ മൊ ൪൫,൦൦൦-മൊ കാണുകയുള്ളു എന്നു വിചാരിക്കുന്നു. അതുകൊണ്ട് ഈ പുതിയ സെൻസസ് അനുസരിച്ചു വിതരണം നടത്തുന്നതിനുള്ള പദ്ധതികൾ ഗവമ്മെണ്ട് എടുത്തുവരികയാണ്. സെൻസസ് കംപ്ലീററായിട്ടുണ്ട്.

Mr. Speaker: This motion, as pointed out by the hon'ble Member Mr. Thanu Pillai, though not technically out of order refers to a mtter which was already discussed and probably there may not be fresh materials now available for a further discussion.

Sri. A. Thanu Pillai: Rule 40 (c)—

Mr. Speaker: The motion is not out of order. The only question is whether, in view of the Minister's elucidation, it will serve any useful purpose to have it taken up for discussion now.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: നൂലുവെളിയിൽനിന്നും ലഭിക്കുന്നതിനു ഗവമ്മെൻറ് വളരെ ഗൌരവപൂർവ്വമായ നടപടികൾ എടുക്കുന്നതുകൊണ്ടും, ഇതിൻെറ ഗൌരവം മനസ്സിലാക്കി അതിനു പരിഗണന നൽകുന്നതിന് ഗവമ്മെൻറ് പരമാവധി ശ്രമിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽനിന്നും മനസ്സിലാക്കിയിരിക്കുന്നതിനാലും ഈ പ്രമേയം ഞാൻ അവതരിപ്പിക്കുന്നില്ല.

ശ്രീ. പൊന്നറ ജി. ശ്രീധരർ: വിജയമോഹനി മില്ലിൽ മാസം ഒന്നുക്ക് ൨൫൦ ബെയിൽ നൂൽ ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് അറിയുന്നതു്. എന്നാൽ ഇപ്പോൾ എലക്ട്രിസിററി വിതരണം കുറച്ചിരിക്കുന്നതുകൊണ്ട് അവർ ൨ ഷിഫ്ററു കുറക്കേണ്ടിവന്നിട്ടുണ്ട്. തന്നിമിത്തം ഇപ്പോൾ ൧൫൦ ബെയിൽ നൂലേ ഉണ്ടാക്കാൻ സാധിക്കുന്നുള്ളു. ഇൻഡ്യാഗവമ്മെൻറ് എന്തു തന്നെ പറഞ്ഞാലും നമുക്കു ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന നൂലും ഇപ്പോൾ ഈ വിധത്തിൽ ഉല്പാദിപ്പിക്കാൻ സാധിക്കാതെ വന്നിരിക്കയാണ്. ആവശ്യമുള്ള കറൻറു കൊടുക്കുകയാണെങ്കിൽ ൫൦൦ ബെയിൽ നൂലുവരെ അവിടെ ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്നാണ് പറയുന്നതു്. അതു് മുഴുവനും ഇവിടെത്തന്നെ വിതരണം ചെയ്യുന്നതിന് കിട്ടുന്നതുമാണ്. നൂലിന് വളരെ ക്ഷാമമുള്ള ഈ അവസരത്തിൽ ഇവിടെ ഉണ്ടാക്കാവുന്ന നൂലു പോലും ഉണ്ടാക്കാതിരിക്കുന്നതു് കഷ്ടമാണ്. അതു ഗവമ്മെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് എനിക്കു് ഒരു അപേക്ഷയുണ്ട്.

ശ്രീ. ടി. കെ. നാരായണപിള്ള: എലക്ട്രിസിററി വിതരണത്തിൽ കുറവുവരുത്തിയതു് വിജയമോഹിനി മില്ലിനെമാത്രം ബാധിക്കുന്ന ഒരു കാര്യമല്ല. ജലദൌർലഭ്യം നിമിത്തം എലക്ട്രിസിററി വിതരണത്തിൽ പൊതുവായി ൨൦ ശതമാനം കുറവുവരുത്തിയിട്ടുണ്ട്. ജലദൌർലഭ്യം വളരെ കൂടുതലായതുകൊണ്ട് ചില വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഇങ്ങനെ ഒരു കുറവു വരുത്താൻ ഗവമ്മെൻറു നിർബന്ധിതമായി തീർന്നിട്ടുള്ളതാണ്. പിന്നെ, അവിടെ ൫൦൦ ബെയിൽ നൂലുണ്ടാക്കാൻ സാധിക്കുമെന്നും മററും പറയുന്നതു ശരിയല്ല. അവിടെയുള്ള സ്പിൻറലുകളുടെ എണ്ണത്തെ ആശ്രയിച്ചാണ് നൂലിൻെറ ഉല്പാദനം ഇരിക്കുന്നതു്. ൨൫൦ ബെയിലിൽ കൂടുതൽ അവിടെ ഉണ്ടാക്കാൻ സാദ്ധ്യമല്ലെന്നാണ് ഗവമ്മെൻറു മനസ്സിലാക്കുന്നതു്.

ശ്രീ. എ. താണുപിള്ള: ഇതുപോലെ വളരെ അത്യാവശ്യമുള്ള കാര്യങ്ങൾക്ക് ഒരു പ്രത്യേകത കല്പിച്ച് എലക്ട്രിസിറ്റി വിതരണം കുറവുചെയ്യാതിരിക്കാൻ സാധിക്കുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: വെള്ളം തീരെ ഇല്ലാത്തതുകൊണ്ടാണ് ഇത്രയും കുറക്കേണ്ടിവന്നത്.

Mr. Speaker: The resolution has not been moved, and is not before this House.

ശ്രീ. കളത്തിൽ വേലായുധൻ നായർ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇന്ന ഒരു അനൗദ്യോഗിക ദിവസമാണ്. ഇതിനു മുമ്പൊരവസരത്തിലും ഇതുപോലെ അനൗദ്യോഗിക പ്രമേയങ്ങൾ ബാലററ ചെയ്യുവരികയും അതൊന്നും സഭയിൽ അവതരിപ്പിക്കാതെ പോകുകയും ചെയ്തിട്ടുണ്ട്. ഇത്ര പ്രമേയങ്ങളേ പാടുള്ളു എന്ന് സ്റ്റാൻറിംഗ് ഓർഡറിൽ വ്യവസ്ഥയുണ്ട്. അതനുസരിച്ചാണ് പ്രമേയങ്ങൾ ബാലററ ചെയ്യുന്നത്. ഇന്ന യാതൊരു പ്രമേയങ്ങളും ഇവിടെ അവതരിപ്പിച്ച് വാദപ്രതിവാദം ചെയ്യാൻ സാധിക്കാതെ പോയതു ലീഡറുടെ പിശകുകൊണ്ടാണെന്നാണ് എനിക്ക് തോന്നുന്നത്. ഇന്നത്തെ പ്രമേയങ്ങൾ ഇവിടെ അവതരിപ്പിക്കാതെ പോയിട്ടുള്ളതു പാർട്ടി ലീഡറുടെ നിർദ്ദേശമനുസരിച്ചാണ്. എന്നാൽ ആ നിർദ്ദേശം ബാലററിംഗ് നടക്കുന്നതിനുമുമ്പ് കൊടുത്തിരുന്നുവെങ്കിൽ അവതരിപ്പിക്കുവാൻ പാടില്ലാത്ത പ്രമേയങ്ങൾ മാററിവച്ചിട്ട് ബാക്കി പ്രമേയങ്ങൾ ബാലററചെയ്യാൻ സാധിക്കുമായിരുന്നു. അങ്ങിനെ ചെയ്തിരുന്നുവെങ്കിൽ അനൗദ്യോഗിക പ്രമേയങ്ങൾ അവതരിപ്പിച്ച് വാദപ്രതിവാദം ചെയ്യുന്നതിനുള്ള ഈ സഭയുടെ അവകാശം ഈ വിധത്തിൽ ധ്വംസിക്കപ്പെട്ടുമായിരുന്നില്ല.

Sri. P. Balakrishnan Tampi: Sir, I object to this. He is giving us a gratuitous lecture—an advice, Sir.

Sri. Kalathil Velayudhan Nair: Whether it is relevant or not will be decided upon by the Speaker. അനൗദ്യോഗിക പ്രമേയങ്ങൾ അവതരിപ്പിച്ച് വാദപ്രതിവാദം ചെയ്യാനുള്ള അവകാശം ഈ സഭയ്ക്കുള്ളതാണ്. ആ അവകാശത്തെ ധ്വംസിക്കത്തക്കവിധത്തിലുള്ള നടപടികൾ ലീഡർ കൈക്കൊള്ളുന്നതിനെപ്പററിയാണ് എനിക്ക് ആക്ഷേപമുള്ളത്. ഇതൊരു നിസ്സാരകാര്യമല്ല. സഭയുടെ അവകാശങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. ലീഡർ അല്പം ശ്രദ്ധിച്ചിരുന്നു എങ്കിൽ ഈ സഭയുടെ സമയം ഇങ്ങനെ വ്യർത്ഥമാകുകയില്ലായിരുന്നു.

മിസ്റ്റർ സ്പീക്കർ: നിലവിലിരിക്കുന്ന റൂളുകളനുസരിച്ചു ബാലററിൽ വരുന്ന പ്രമേയങ്ങൾ മാത്രമേ വാദപ്രതിവാദത്തിനു സഭയിൽ കൊണ്ടുവരാൻ സാധ്യമാകയുള്ളു. പാർട്ടി ലീഡറുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കാനോ, ഇന്ന തരത്തിൽ പ്രവർത്തിക്കണമെന്നു നിർദ്ദേശം കൊടുക്കാനോ സ്പീക്കർക്കോ ഈ സഭയ്ക്കോ അവകാശമില്ല.

Business of the Houes

മിസ്റ്റർ സ്പീക്കർ: ഫുഡ് ഡിബേററിന് ഒരു സമയം നിശ്ചയിക്കണമെന്ന് ഇവിടെ നേരത്തെ ചില ബഹു. മെമ്പറന്മാർ ആവശ്യപ്പെടുകയുണ്ടായി. ഇന്നും ഏപ്രിൽ ൩-ാംനു-ം അനൗദ്യോഗിക ദിവസങ്ങളാണ്. ഈ രണ്ടു ദിവസങ്ങളും അനൗദ്യോഗിക പ്രമേയങ്ങൾക്കായി ഉപയോഗിക്കുകയാണെങ്കിൽ ഫുഡ് ഡിബേററിന് വേറൊരു ദിവസം നിശ്ചയിക്കേണ്ടിവരും. അതല്ലെങ്കിൽ ഏപ്രിൽ ൩-ാംനു ഉച്ചക്കശേഷം ഫുഡ് ഡിബേററിനു ഉപയോഗിക്കാമോ എന്നു നോക്കണം. കൂടാതെ അത്യാവശ്യമായ ചില നിയമനിർമ്മാണ ജോലികൾക്കായി ഒരു ദിവസം

[Mr. Speaker]

കൂടി വേണമെന്നു് ഗവൺമെൻറുഭാഗത്തുനിന്നും ആവശ്യപ്പെട്ടിട്ടുണ്ടു്. പേമെൻറ് ആഫ് സാലറീസ് ആൻറ് അലവൻസസ് ബിൽ, റിമൂവൽ ആഫ് ഡിസ്‌ക്വാളിഫിക്കേഷൻ ബിൽ മുതലായ ചില ബില്ലുകൾ പാസ്സാക്കേണ്ടതു അത്യാവശ്യമായിരിക്കുന്നതുകൊണ്ടാണു് ഇങ്ങനെ ആവശ്യപ്പെട്ടിരിക്കുന്നതു്. ഈ ബില്ലുകൾ ബഹു. മെമ്പർമാക്കു വിതരണം ചെയ്തിട്ടുണ്ടു്. അതിൽ അത്യാവശ്യമുള്ളതെന്നു തോന്നുന്ന ഏതാനും ബില്ലുകളോ എല്ലാംതന്നെയുമൊ പര്യാലോചനക്കു് എടുക്കാവുന്നതാണു്. അതിലേക്കു് അസംബ്ലി ഒരു ദിവസം നീട്ടിവയ്ക്കേണ്ടതുണ്ടു്. ഫുഡ് ഡിബേററിനു് പ്രത്യേകം ഒരു ദിവസം വേണമെന്നു് അഭിപ്രായമുണ്ടെങ്കിൽ അതിലേക്കും ഒരു ദിവസംകൂടി എടുക്കേണ്ടതായിവരും.

Sri. P. Balakrishnan Tampi: Food problem must be discussed so that the world may understand the unanimity of opinion in that matter in this House. I think it will be useful for the State if we discuss it. It must be discussed.

Sri. A. Thanu Pillai: As for the food question, even though I myself made mention of it last time, I think the matter for the time being may stand over-not that I object if the Government wants to discuss the matter, but the Finance Minister told us last time that the matter has not been finally disposed of by the Government of India. He expects a reply from the Government of India as to what will be the subsidy. I think we can wait. Next time, when we feel that the Government of India's reply is not satisfactory—by which time a final reply would have been received from them—we can discuss the matter again. A reply from the Government of India does not necessarily mean that that will be the final stand they take. Therefore, it appears that the matter may stand over. But if the Government wants to make a motion, I don't want to stand against that. This aspect of the matter may be considered.

Mr. Speaker: This is a matter of common interest to all parties. In view of the circumstances pointed out by Mr. Thanu Pillai we have to see if a discussion at present will prove useful. If, however, the Government want now to impart to this House some useful and important information on the subject the discussion may be carried on.

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ബഹു. മെമ്പർ ശ്രീ. താണുപിള്ള ആവശ്യപ്പെട്ടതനുസരിച്ചാണു് ഈ വിഷയത്തെപ്പററി വാദപ്രതിവാദം നടത്താമെന്നു ഗവൺമെൻറു സമ്മതിച്ചതു്. ഈ സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതിയെ സാരമായി സ്പർശിക്കുന്ന ഒരു സംഗതിയായതുകൊണ്ടു് ഇവിടെ ഒരു വാദപ്രതിവാദം നടത്തി അതിൻെറ ചുരുക്കമെങ്കിലും ഇൻഡ്യാ ഗവൺമെൻറിലേക്കു് അയച്ചുകൊടുക്കുന്നതു സഹായകമായിരിക്കും എന്നാണു് എനിക്കു് തോന്നുന്നതു്. അതിൻെറ എല്ലാ വശങ്ങളെപ്പററിയും ചർച്ചനടത്തി അതിൻെറ വിവരം ഇൻഡ്യാ ഗവൺമെൻറിലേക്കു് അയക്കുകയാണെങ്കിൽ ചിലപ്പോൾ ചില ഗുണങ്ങൾ കിട്ടിയേക്കാം. നമുക്കു് തരേണ്ടതായ സബ്‌സിഡി എത്രയാണെന്നു അവസാനമായി തീരുമാനിച്ചിട്ടില്ല. ഏകദേശം ഒരു കോടി രൂപ തരാമെന്നു താല്ക്കാലികമായി സമ്മതിച്ചിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് അവസാന തീരുമാനം ആയിട്ടില്ല. ഒന്നരക്കോടി രൂപയ്ക്കു പുറമെ ഒരു കോടി രൂപകൂടി കിട്ടിയാലും നമ്മുടെ നഷ്ടം നികത്താൻ യാതൊരു സാദ്ധ്യതയുമില്ല. അതുകൊണ്ടു് ഇതിനെ സംബന്ധിച്ചു് ഒരു ചർച്ചനടത്തി അതിൻെറ വിവരങ്ങൾ ഇൻഡ്യാ ഗവൺമെൻറിനെ അറിയിക്കുന്നതു നന്നായിരിക്കുമെന്നാണു് എനിക്കു് സഭയെ അറിയിക്കുവാനുള്ളതു്.

മിസ്റ്റർ സ്പീക്കർ: ഇന്നുതന്നെ ഈ വിഷയത്തെപ്പററി വാദപ്രതിവാദം നടത്തുന്നതിനെപ്പററി സഭയുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം. ഇന്നത്തെ മററ നടപടികളും തീർന്നിരിക്കുകയാണ്. ഈ സംഗതി ഒരു ചർച്ചയ്ക്കു വിഷയമാക്കണമെന്നാണു ബഹു. മന്ത്രിയും അഭിപ്രായപ്പെടുന്നതു്.

Sri. K. P. Nilakanta Pillai: But without a notice?

Mr. Speaker: A discussion was asked for, and it is practically agreed to by the House. No doubt, there is no formal notice.

Sri. K. P.Nilakanta Pillai: It is not on today's agenda. There may be some members who might wish to speak on the subject but who, because the subject is not on today's agenda, may not turn up this evening. It may be of interest to those members.

Sri. P. Balakrishnan Tampi: In view of the objection raised by Mr. Nilakanta Pillai, I feel it is better to adjourn the discussion till tomorrow, say, by 3 O' clock, which time, I don't think, will be inconvenient.

Sri. P. S. Nataraja Pillai: Tomorrow is a non-official day.

Mr. Speaker: I take it that there is no objection to having the food debate after the resolutions are disposed of tomorrow.

Discussion under Rule 26

Mr. Speaker: Before this House rises, there is another matter to be attended to, namely, discussion under Rule 26.

Sri. P. Balakrishnan Tampi: Under the rules, the discussion will come up only at 4-30. Suppose some Members who wish to partake in it come at 4-30?

Sri. P. S. Nataraja Pillai: The rule provides that 'if the other business set down for the day is concluded before 4-30 p. m. the period of half an hour shall commence from the time such other business is concluded.'

Sri. P. Balakrishnan Tampi: But now there is another obstacle. The Member is not present now.

Mr. Speaker: The business of the House, except the last item (discussion under Rule 26) is concluded and under the rule, we can straightaway proceed to that item. But it is not expected of the Members of the House to wait till the Member concerned turns up. He ought to have been here. Therefore, the House will now adjourn to meet again at 11 a. m. tomorrow.

The House rose for the day at 12-50 p. m. to meet again at 11 a. m. on Tuesday the 3rd April 1951.

V. KRISHNAMOORTHI AIYAR,

Secretary to the Legislative Assembly